കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിയാറ്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിയാറ്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Map of Kuru Kingdom, a painting by Roshan Krishna Dhanawade. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 36 —

“ദ്രൗപദിസ്മരണ പറയുമ്പോൾ നിങ്ങളുടെ മുഖം കറുക്കുന്നതെന്തിനാണ്?” കഴഞ്ചുവീണ മരിച്ച പാഞ്ചാലിയുടെ ജഡം മറവുചെയ്ത്, കളിച്ചു പാണ്ഡവരെ പിന്തുടർന്നെത്തിയ കൊട്ടാരം ലേഖിക, വഴിയിൽ കണ്ട മാദ്രിപുത്രനോട് ചോദിച്ചു.

“വിപൽസൂചകമായിരുന്ന പാഞ്ചാലിസ്വയംവരം. സ്വന്തമാക്കാൻ രഹസ്യമായി ഓരോരുത്തരും കൊതിച്ച എന്നതാണ് ആദ്യദുരന്തം. സമഭാവനയോടെ ഉടലാനന്ദം പങ്കിടാൻ കുന്തി ഞങ്ങളോട് നിർദേശിച്ചതായിരുന്ന രണ്ടാമത്തെ ദുരന്തം. ആണുങ്ങളഞ്ചുപേരും ഊഴം കാത്തു പുറത്തു നിൽക്കണമെന്നവൾ കിടപ്പറപ്രവേശനത്തിന് നടപടിക്രമം ഉണ്ടാക്കി. ദേവസന്തതികളായ പാണ്ഡവർക്ക് അപമാനമാണിതെന്നു പറയാൻ ആരും മുതിർന്നില്ല. യുധിഷ്ഠിരനെ കൗരവർ ചൂതാട്ടത്തിൽ കബളിപ്പിക്കുന്ന സമയം, ‘ഞാൻ രജസ്വല ഞാൻ അല്പവസ്ത്ര’ എന്ന് നിർല്ലജ്ജം പ്രഖ്യാപിച്ചു കൗരവസഭയിൽ കയറി, ദുര്യോധനന്റെ രതിപ്രലോഭനത്തിനു വഴങ്ങി, അവന്റെ നഗ്നതുടയിൽ കയറിയിരിക്കാൻ മുതിർന്ന പാഞ്ചാലി പിന്നീട്, പാണ്ഡവരുടെ അടിമജീവിതത്തിൽ, കൗരവചാരയായി പന്ത്രണ്ടു വർഷ വനവാസകാലത്ത് ഞങ്ങൾക്ക് നിത്യോപദ്രവ പീഡകയായി എന്നതാണ് പാണ്ഡവ സഹോദരർക്കേറ്റ യാതന. ദാമ്പത്യ പാപഭാരത്താൽ ഇന്ന് കഴഞ്ചുവീണവൾ മരിച്ചു എന്നതാണ്, മേലെ മേലെ മേഘമാലകൾക്കു മുകളിലൊരു ന്യായാധിപൻ ഉണ്ടെന്നതിന്റെ ദൃഷ്ടാന്തം. ഇനി ഞങ്ങളെ വെറുതെ വിട്ടു. ഈ ഭൂമിയുമായുള്ള ബന്ധം ഒന്നൊന്നായി ഞങ്ങളും വിച്ഛേദിക്കട്ടെ!” അപമാനബോധത്താൽ മാദ്രിപുത്രൻ മുഖം പൊത്തി.

◇ 2025/06/02 ◇

“ഒമ്പത് ദിവസം അമ്പെയ്തിട്ടും ഒരു പാണ്ഡവതല പോലും വീണില്ല എന്ന ആരോപണവുമായി ദുര്യോധനൻ നിങ്ങളെ ആളും തരവും നോക്കാതെ ശല്യം ചെയ്യുന്നുണ്ടല്ലോ” യുദ്ധകാര്യ ലേഖകൻ ഭീഷ്മരോട് ചോദിച്ചു.

“ദരിദ്രബന്ധുക്കൾ എന്ന നിലയിൽ മാത്രമേ കൌരവർ ഇതുവരെ പാണ്ഡവരെ കണ്ടിരുന്നുള്ളൂ. ഇപ്പോൾ കുരുക്ഷേത്രയിൽ കാണുന്നതോ, ക്രൂരബന്ധുക്കൾ എന്ന പുതു പാണ്ഡവ പ്രതിച്ഛായ!” പിതാമഹൻ ആയുധങ്ങൾ ദുര്യോധന പാളയത്തിലേക്ക് എറിഞ്ഞു, ഒന്ന് മുങ്ങി നിവരാൻ യമുനയിലേക്ക് ചാടി.

“ഇന്ദ്രപ്രസ്ഥത്തിലെ മയൂരസിംഹാസനത്തിൽ, ദശാബ്ദത്തോളം ഇരുന്ന പരിചയമുള്ള ആളല്ലേ, പിന്നെ എന്താ ഹസ്തിനപുരി രാജപദവിക്കായി പട്ടാഭിഷേകം സ്വീകരിക്കുമ്പോൾ, ജ്യേഷ്ഠനിപ്പോൾ വല്ലാത്ത പന്തികേട്?” കൊട്ടാരം ലേഖിക, യുധിഷ്ഠിരനിലേക്കു അനുജന്റെ ശ്രദ്ധയാകർഷിച്ചു. യുദ്ധാനന്തര ഭരണകൂടം സ്ഥാപിക്കുന്ന ആദ്യദിന ചുമതല വഹിക്കുന്ന നകുലൻ സ്വൽപ്പം മാറി നിന്നു.

“ഹസ്തിനപുരിയുടെ പൌരാണികത്വവും ചരിത്രവും വലിപ്പവും ജനസംഖ്യയും ഒന്നു വേറെ, എന്നാൽ ഇന്ദ്രപ്രസ്ഥം? കെട്ടിപ്പൊക്കിയ ഒരു പുഴയോര കൊച്ചുപട്ടണം! യുധിഷ്ഠിരൻ അക്കാലത്തു ചക്രവർത്തി, ധൃതരാഷ്ട്രർ സാമന്തനും, വിരുന്നു വന്ന പാണ്ഡവശ്രേഷ്ഠനെ ചതിയിൽ കളിപ്പിച്ചു കുരുക്കിൽ വീഴ്ത്തുമോ?, അപ്പോൾ പുരോഹിതർ ശ്രദ്ധിക്കാത്ത പന്തിയില്ലായ്മ പട്ടാഭിഷേകത്തിനുണ്ടെങ്കിൽ, അതൊക്കെ പരിഹരിക്കാനും പാണ്ഡവർക്കറിയാം. ചടങ്ങു കഴിഞ്ഞാൽ പക്ഷിമാംസവും അപ്പവും കഴിക്കാൻ എനിക്ക് കൂട്ടുതരണം, കൌരവർ കുരുക്ഷേത്രയിൽ ഉഴവുമാടുകളെ അറുത്തു പൊരിച്ചു തിന്നു.”

“വെഞ്ചാമരവും ആലവട്ടവുമായി കൊമ്പനാനപ്പുറത്തു കുലുങ്ങിക്കുലുങ്ങിവന്ന, ദുര്യോധനനുമായി ചൂതാടി, സ്ഥാവര ജംഗമ സ്വത്തും പെണ്ണും നഷ്ടപ്പെട്ട, ഉടുതുണിക്ക് മറുതുണിയില്ലാതെ നിസ്വനായി ആറംഗസംഘം വ്യാഴവട്ടക്കാല വനവാസത്തിനു മന്ദംമന്ദം വഴിനടന്നു പോവുന്ന. അല്ലേ!”, ചാർവാകൻ കപടമായ അനുകമ്പയോടെ ഭീമനോട് ചോദിച്ചു.

“ഈ നാടിന്റെ നന്മക്കായി അങ്ങനെയാണ് പാണ്ഡവർ വേഷം കെട്ടേണ്ടത് എങ്കിൽ, കാട്ടിലും പോവും. ഞങ്ങൾ, നീ ഒന്നോർക്ക, ജനിച്ചതും കൌമാരംവരെ കഴിഞ്ഞതും കാട്ടിൽ. എന്നു പറഞ്ഞാൽ, നഗരവാസികളെപോലെ, ‘പുലിവരുന്നേ പാമ്പ് ഫണം ഉയർത്തുന്നേ’ എന്ന് വിറച്ചു പേടിച്ചു കുലുങ്ങുകയൊന്നും ഇല്ല. വനദേവത ഞങ്ങൾക്കൊപ്പം! കുടിയേറ്റക്കാരായ ഞങ്ങൾ, വേറെതരമില്ലാതെ, ഖാണ്ഡവപ്രസ്ഥം തീയിട്ടപ്പോൾ, നിങ്ങൾ അറിയണം, വനദേവത പിണങ്ങിയില്ല, അതാകുന്നു ധർമ്മപുത്രർ എന്ന യുധിഷ്ഠിരന്റെ പ്രകൃതിയുമായുള്ള ആത്മബന്ധം. ഇനിയും അതൊക്കെ വരും ദശകത്തിൽ നേരിട്ട് കാണാൻ അവസരമുണ്ടാവട്ടെ. യുധിഷ്ഠിരൻ നിങ്ങളെപോലെ ‘മനുഷ്യപുത്ര’നല്ല, മരണദേവതയായ കാലന്റെ മകനാണ്. കേൾക്കുമ്പോൾ ഭയമാകുന്ന അല്ലേ പറഞ്ഞു പറഞ്ഞു ഭീമൻ ഏങ്ങലടിച്ചു ഇന്ദ്രപ്രസ്ഥത്തു നിന്നും സവാരി ചെയ്തുവന്ന ആന അയാൾക്കുനേരെ നോക്കി. പാഞ്ചാലി വാപൊത്തി.”

◇ 2025/06/03 ◇

“വസ്ത്രാക്ഷേപ വിവാദം ഹസ്തിനപുരി അന്തഃപുരത്തെ സദാചാര നിരീക്ഷണവലയത്തിൽ എത്തിച്ച എന്നാണോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ഓരോ കുറ്റത്ത വാവ് കഴിഞ്ഞാലും കൗരവ രാജവധുക്കൾക്ക് അവസരം കിട്ടും, ഏതെങ്കിലും സഹോദരഭാര്യക്ക്, സ്വീകാര്യമല്ലാത്ത ഉടൽസ്പർശം മറ്റുകൗരവരിൽ നിന്നും ഉണ്ടായോ? ഈയിടെ തക്ഷശിലയിൽ നിന്നും വനിതപ്രതിനിധിസംഘം വന്നപ്പോൾ, നിങ്ങളുടെ സാന്നിധ്യത്തിൽ പറഞ്ഞില്ലേ, പരിപൂർണ്ണ ലൈംഗിക സദാചാര സംരക്ഷണം ദുര്യോധനന്റെ കുത്തക!”

“ഭർത്തൃമാതാവ് ഏകപക്ഷീയമായി അടിച്ചേല്പിച്ച ബഹുഭർത്തൃത്വത്തോട് നവവധു പാഞ്ചാലി എങ്ങനെ പ്രതികരിച്ചു എന്നാണ് നിങ്ങൾ, കണ്ടെത്തുന്നത്?”, കൊട്ടാരം ലേഖിക ചോദിച്ചു. മത്സരവിജയിയെ പരിണയം ചെയ്യ ഹസ്തിനപുരിയിൽ എത്തിയ പാഞ്ചാലി, ധൃതരാഷ്ട്രരുടെ അതിഥിമന്ദിരത്തിൽ കഴിയുന്ന അശാന്തകാലം.

“കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ വായിച്ചാൽ വസ്തുതകൾ പലതും പിടി വിട്ട് പോവും. ചുറ്റും ഞാൻ കണ്ണോടിച്ചു. നേരിട്ടവൾ കമ്പസരിച്ചിട്ടില്ലാത്തതു കൊണ്ട് ദ്രൗപദിയുടെ ഹൃദയാന്തരങ്ങളിൽ മറഞ്ഞുകിടക്കുന്ന ലൈംഗിക രഹസ്യങ്ങളിൽ എനിക്ക് പിടിപാടില്ല. അവസരം കിട്ടിയാൽ, അന്തസ്സില്ലാതെ ഇരവാദം ചമയുന്ന പാണ്ഡവരുടെ പരാമർശങ്ങൾ പരിഗണിക്കുമ്പോൾ, നാം പത്രപ്രവർത്തകർ കൂട്ടിവായിക്കേണ്ട ഹൃദയഭേദകമായ കടുംബക്കാര്യമുണ്ട്—പാണ്ഡവരുടെ ലിംഗവിശപ്പ്! ഭർത്താക്കന്മാർക്കെതിരെ ദ്രൗപദി പ്രതീകാത്മകമായി കൊട്ടിയടക്കുകയായിരുന്നില്ല കിടപ്പറ. കോട്ടവാതിലെന്ന പോലെയാണവൾ പാണ്ഡവർക്ക്, പരിപാവന പെണ്ണടലിലേക്കു പ്രവേശനം നിഷേധിച്ചത്. പൊതുവെ നിശബ്ദം ആണവളുടെ നീക്കം, ദൃഢനിശ്ചയമുണ്ട് പ്രതിരോധത്തിൽ. പാണ്ഡവരെ ഒതുക്കുക മാത്രമല്ല ഉന്നം, മക്കൾക്ക് കഠിനഹൃദയ രതിനിരാസത്തിലൂടെ പെറ്റതള്ള കുന്തിയെയും മെരുക്കണം. മക്കളുടെ ലൈംഗികദൈന്യത കണ്ടു മനംതകർന്ന കുന്തിയോ, ഒറ്റക്കിരുന്നും കൗന്തേയരോട് കൂട്ടം കൂടിയും, ഒരൊറ്റ വ്യക്തിയെ കുടില ക്രൂരമ്പിനു ലക്ഷ്യമായി കാണുന്നു—എങ്ങനെ ഒരുമ്പെട്ടവളുടെ ഉടുതുണിയൂരാൻ മക്കളെ ലൈംഗികമായി പ്രാപ്തരാക്കണം.”

“ദുര്യോധനന്റെ മരണം ഉറപ്പു വരുത്താതെ നിങ്ങൾ, ഞെണുങ്ങിയ ഗദയും ശിരസ്സും തൂക്കി ക്ഷീണിച്ചവശനായി, പാളയത്തിലേക്ക് പതിനെട്ടാം ദിവസം സന്ധ്യക്ക് മടങ്ങിയത് കണ്ടവരിൽ ഞങ്ങളും ഉണ്ടായിരുന്നു. അന്ന് രാത്രി പിന്നെന്തുണ്ടായി? ആകാംക്ഷയുടെ ജാലകങ്ങൾ കൊട്ടിയടക്കരുതെ. നീതിബോധമുള്ള വരും തലമുറ ഓർക്കാൻ കൊതിക്കുന്നതു, ദുശ്ശാസന വധത്തിലൂടെ എങ്ങനെ കൗരവ ലൈംഗികാക്രമിയെ നിരായുധനായി പോർക്കളത്തിൽ ഓടിച്ചിട്ട് പിടികൂടി, ക്രൂരത വിരൽനഖങ്ങൾ കൊണ്ട് കരൾ തുരന്ന ചുടുചോര കൈക്കുമ്പിളിൽ കോരി, പാളയത്തിൽ പ്രത്യാശയോടെ കാത്തിരിക്കയായിരുന്ന പ്രിയപ്പെട്ടവളുടെ മുടിയിൽ തേച്ചു, പതിമൂന്നുകൊല്ലം മുമ്പുണ്ടായ ഐതിഹാസിക ഭീമപ്രതിജ്ഞ പാലിച്ചത്? ഒന്നോർത്തെടുക്കാമോ?”, പാണ്ഡവരുടെ സ്മൃതിനാശ സാധ്യത തള്ളിക്കളയാനാവില്ലെന്ന അഭ്യൂഹത്തിൽ ഒന്നൊന്നായി അഭിമുഖം ചെയ്യുന്ന ശ്രമകരമായ പണിയിൽ ഏർപ്പെട്ട കൊട്ടാരംലേഖിക ചോദിച്ചു. ഭാരിച്ച ശരീരവും ശിശുമുഖവുമായി അർദ്ധനഗ്നഭീമൻ അരമന ഉദ്യാനത്തിൽ പുതുതലമുറ ജീവനക്കാരുടെ കൊച്ചുകുട്ടികൾക്ക് കൗതുകക്കാഴ്ച വസ്തുവാകുന്ന യുധിഷ്ഠിര ഭരണകാലം. കിരീടാവകാശി പരീക്ഷിത്ത് ചെങ്കോൽ കൈവശപ്പെടുത്തുന്നതിനുവേണ്ടി മഹാറാണി ദ്രൗപദിയുമായി അധികാരം പങ്കിടാനുള്ള ശ്രദ്ധാലോചനയിൽ ഏർപ്പെട്ടിരിക്കുന്ന അരമന രഹസ്യം ചാരവനിതകളിലൂടെ തോണ്ടിയെടുത്ത വകുപ്പുമേധാവി നകുലൻ സ്വാർഥതാല്പര്യത്തിൽ വിമത നീക്കത്തെ കരുതലോടെ പിന്തുടരുന്ന നേരം.

◇ 2025/06/04 ◇

“യുദ്ധം ചെയ്യേണ്ട നിങ്ങൾ അലസരായി ആകാശവും നോക്കി കിടക്കുകയാണോ?”, കൊട്ടാരം ലേഖിക ഇളമുറ മാദ്രീപുത്രൻ നകുലനോട് ചോദിച്ചു, കുരുക്ഷേത്ര പുഴയോരം. സന്ധ്യ.

“എത്രയെത്ര പരിചിത വ്യക്തികൾ മരിച്ചുവീഴണം, ജീവിച്ചിരിക്കുന്നവർ ഒരു പാഠം പഠിക്കാൻ, എന്നതിന് ഉദാഹരണമല്ലേ ഞങ്ങളുടെ പകൽയുദ്ധം! ഈ രാത്രി, ആധ്യാത്മികവിദ്യാലയം തന്നെയാണ്. സാക്ഷരതയും വായനയും ഇല്ലാത്തവർക്കും വേണമല്ലോ ആകാശചാരികളിൽ നിന്നും വെളിപാടുകൾ!”

“അസുഖം വല്ലതും വരുമ്പോൾ നിങ്ങൾ, പാഞ്ചാലിയെ ദീനഭാവത്തിൽ സമീപിക്കുന്നത് കാണാം. പിതാക്കൾ എന്ന സംശയിക്കപ്പെടുന്ന അശ്വിനിദേവതകൾ, ദേവലോക വൈദ്യന്മാരല്ലേ. പിന്നെ മനുഷ്യസ്ത്രീ മാത്രമായ പാഞ്ചാലിയെ എന്തിന് വേണം നിങ്ങൾ മുട്ടുകുത്തി പ്രീണിപ്പിക്കാൻ?” “രോഗം മാറാൻ പിതൃക്കൾ മരുന്ന് തന്നാൽ പോരല്ലോ. അത് ദിവ്യ ഔഷധമായി, രോഗം മാറ്റണമെങ്കിൽ, ധന്വന്തരി തന്നെ തുണക്കണം. ആ ദേവതയോ, പാഞ്ചാലി തന്നെ പ്രാർത്ഥിക്കണം ഭർത്താവിൽ ഫലിക്കാൻ. ബഹുദൈവ വിശ്വാസം ഇങ്ങനെ വകുപ്പ് തിരിഞ്ഞു പോയതു ആരുടെ ദുഷ്കർമ്മം എന്നൊന്നും കൂടുതൽ എന്നോട് ചോദിക്കരുത്. പാവം, എന്റെ അമ്മ, അകാലത്തിൽ സതിയനുഷ്ഠിക്കപ്പെട്ട മാദ്രിയുടെ വ്യഥിത ആത്മാവ് ശാന്തമായിരിക്കട്ടെ. അതാ വരുന്ന പാഞ്ചാലി! എന്നെ വിട്ടു പോകൂ ദുരാത്മാവേ!”

“കള്ളച്ചൂതാട്ട വിദഗ്ദരോടേറ്റ മുട്ടാൻ, അരമനയിലെത്തിയ ധർമ്മപുത്രർ, കണ്മുന്നിൽ വന്ന ഓരോ കൗരവനെയും, ഔപചാരികമായി ഹസ്തദാനം ചെയ്യുന്നതിനു പകരം, കൈചേർത്തു തലോടുന്ന പുതു ആശംസാരീതി, താങ്കളുടെ കഴുകൻ നോട്ടത്തിൽ പെട്ടിരുന്നോ? പാണ്ഡവരോടു പോലും ഔപചാരികതയുടെ ആൾരൂപമായ ഇന്ദ്രപ്രസ്ഥം ചക്രവർത്തി, പെട്ടെന്ന് കുടില കൗരവരുടെ ജ്യേഷ്ഠ സഹോദരനുമായോ? എന്താ ഈ മറിമായം?” കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു.

“മുഖത്തുനോക്കി ആശീർവദിക്കാൻപറ്റിയ കൗരവർ ആരും ഇല്ലെന്നു ഇന്ദ്രപ്രസ്ഥം ചക്രവർത്തിക്ക് പൊടുന്നനെ തോന്നിയിട്ടുണ്ടാവുമോ? അല്ലെങ്കിൽ ‘നാളെ സന്ധ്യക്ക് ചൂതാട്ടത്തിൽ എന്നെ കബളിപ്പിച്ചു പരിപൂർണ്ണ നിസ്വനാക്കാൻ, അവിശ്രദ്ധ കൂട്ടു കെട്ടാണല്ലോ കൗരവ നൂറ്റവർ’ എന്ന് തോന്നിയിട്ടുണ്ടാവുമോ? പുറം തലോടുന്നതിൽ കവിഞ്ഞു ഏതു കൗരവാവയത്തെ തലോടിയാലും, ചുഴിഞ്ഞിറങ്ങുന്ന കൗരവക്കണ്ണിലേക്കു എന്റെ കണ്ണ് നോക്കരുതേ എന്ന കാഴ്ചപ്പാടിൽ എത്തിയിട്ടുണ്ടാവും. ഇന്നവൈകുന്നേരമല്ലേ ചൂതാട്ടം? അർധരാത്രിയോടെ ഫലം അറിയാമെന്നാണ് പ്രതീക്ഷ!”, ഊട്ടുപുരയിൽ ‘പരാദങ്ങൾ’ സൗജന്യപ്രാതൽ കഴിക്കാൻ അക്ഷമയോടെ കാത്തിരിക്കുന്ന നേരം.

◇ 2025/06/05 ◇

“ഒന്നും ചെയ്യാൻ ഇല്ലെങ്കിൽ പാണ്ഡവർ ഒരു കാട് കത്തിക്കും!” ഖാണ്ഡവപ്രസ്ഥം എന്ന അതിലോല ആവാസ വ്യവസ്ഥ കൂടിയേറ്റ കൗന്തേയർ തീയിട്ട വാർത്ത കേട്ട കർണ്ണൻ, കൗരവ രാജസഭയിൽ!

“കാറൊഴിഞ്ഞ മാനം, കുളിരുള്ള പ്രഭാതം. ഹസ്തിനപുരി കോട്ടക്കകത്തെ അതീവ സുരക്ഷാമേഖലയായ കുരുവംശആസ്ഥാനം. പകൽവെളിച്ചത്തിൽ, പൊതുവേദിയിൽ ഇരുന്നുള്ള സമാലോചനയല്ല, പടുതിരി കത്തുന്ന ഭൂഗർഭ അറയിൽ രണ്ടുമൂന്നുപേർ അർദ്ധരാത്രി ആലോചന. തേച്ചു മുനകൂട്ടിയ ആയുധങ്ങളുടെയും, അവസരോചിതമായ കുതന്ത്രങ്ങളുടെയും പരീക്ഷണശാലയാണ് ഓരോ കൗരവഹൃദയവും. വിരാടയിൽ നിന്നും താരപദവിയുള്ള പാണ്ഡവ പ്രതിനിധി, യുദ്ധം ഒഴിവാക്കാനുള്ള നയതന്ത്ര നാടകത്തിലെ അവസാന ഇനമായ ‘വിശ്വരൂപപ്രദർശന’ സാധ്യതയുമായി എത്തും എന്ന് ഞങ്ങൾ ഹസ്തിന പുരി മാധ്യമ പ്രവർത്തകർ, അതിവേഗം മിടിക്കുന്ന ഹൃദയതാളത്തിൽ, ആശങ്കപ്പെടുന്നുണ്ട്. ചുവരെഴുത്ത പതിപ്പിൽ എന്തായിരിക്കണം തലക്കെട്ടെന്ന ഒരുനിമിഷം ധ്യാനത്തിൽ പോകട്ടെ ഞാനും!”

അതിലോല ആവാസ വ്യവസ്ഥയായിരുന്ന ഖാണ്ഡവപ്രസ്ഥം കത്തിച്ച കൂടിയേറ്റ പാണ്ഡവരെ പഴി പറയാതെ വിട്ടവർ, മുൻകാല മഹാഭാരത വ്യാഖ്യാതാക്കൾ!

“ഭീതിയുണർത്തുന്ന നിശാകാമിനിയാണോ നവവധു ദ്രൗപദി എന്ന സംശയം എപ്പോഴാണ് നിങ്ങൾക്കൊക്കെ തോന്നിയത്?”, കൊട്ടാരം ലേഖിക ചോദിച്ചു. പത്ത പാണ്ഡവക്കണ്ണുകൾ ജാലകത്തിലൂടെ ഇടവഴിയിലേക്ക് നീങ്ങി. ജലാശയത്തിൽ നിന്ന് പാഞ്ചാലി കളികഴിഞ്ഞു എത്താറായിട്ടില്ല എന്ന നിഴൽ നോക്കി ഉറപ്പു വരുത്തി.

“പാഞ്ചാലിയുമൊത്ത ഹസ്തിനപുരിയിൽ ഞങ്ങൾ എത്തുമ്പോൾ, കാമനയെക്കാൾ പേടിയായിരുന്നു. അരക്കില്ലം കത്തിച്ചു പൊതുമുതൽ നശിപ്പിച്ചതിന് ‘പിടികിട്ടാപ്പുള്ളികൾ’ എന്ന് വഴിയമ്പലങ്ങളിലും കുതിരപ്പന്തികളിലും ദുര്യോധനൻ ചുവരെഴുത്ത പരസ്യങ്ങൾ കൊടുത്തതറിഞ്ഞിരുന്നു. എന്നാൽ പാഞ്ചാലിയെ ഒരു നോക്കു കണ്ട കൗരവർ, അതിഥി മന്ദിരം ഉടൻ വിട്ടുതന്നു. അന്ന് രാത്രി ആറു പേരും (കുന്തിയെ വിദുരർ സ്വന്തം വസതിയിലേക്ക് കൊണ്ടു പോയി) സംസാരിക്കുമ്പോൾ, യുധിഷ്ഠിരൻ പന്തം കെടുത്തി, ഇരുട്ടിൽ മുഖം കാണാതെ പരസ്പരം ഇരിപ്പിടം മാറാൻ മറ്റു നാലു പേരോട് ആജ്ഞാപിച്ചു. ഞങ്ങൾക്കിടയിൽ വന്ന പാഞ്ചാലി ആരെ ആദ്യം അവൾ തൊടുന്നുവോ, അയാൾ അതിഥി മന്ദിരത്തിലെ ആഡംബര കിടപ്പറയിൽ അവളെ ഇന്ന സന്തോഷിപ്പിക്കാം. നിർദ്ദേശം കേൾക്കേണ്ട താമസം, നവ വധു ഇടിച്ചുകയറി ശബ്ദമുയർത്തി. കുറച്ചു പേരുടെ സൗജന്യത്തിലും പാരസ്പര്യത്തിലും അനുവദിച്ചകിട്ടേണ്ട ഒന്നല്ല എനിക്ക് ആൺപെൺ രതി. ബഹുഭർതൃത്വദാമ്പത്യത്തിന്റെ ചുക്കാൻ പിടിക്കുന്ന എനിക്ക്, നീതിപൂർവ്വം പ്രതീക്ഷിക്കാവുന്ന വ്യക്തിഗത, ശാരീരിക, ആസ്വാദനസേവനമെന്ന നിലയിൽ, രതി നിങ്ങൾ മത്സരത്തിനും പരസ്യ ചർച്ചക്കും വിഷയമാക്കരുത്. അവിവേകമായി ഇക്കാര്യം നിർദേശിച്ച മുതിർന്ന പാണ്ഡവൻ യുധിഷ്ഠിരൻ ഒരുവിധത്തിലും ഇന്ന് എനിക്ക് പായപങ്കിടാനുള്ള കൂട്ടാളിയാവില്ല.”

പാണ്ഡവർ വനവാസത്തിനു പോയ പന്ത്രണ്ടുവർഷം കൗരവർ, ഇന്ദ്രപ്രസ്ഥം മായികസഭാതലങ്ങൾ വനപ്രകൃതിക്കു വിട്ടുകൊടുത്ത. കുരുക്ഷേത്രയുദ്ധം കഴിഞ്ഞു പാണ്ഡവർ.

“എവിടെ ഞങ്ങളുടെ ഇന്ദ്രപ്രസ്ഥം” എന്ന് വഴി നീളെ അന്വേഷിച്ചു ചെന്നപ്പോൾ അറിഞ്ഞു, സന്ദർശകരെ വഴക്കി വീഴ്ത്തുന്ന വിവാദനഗര നിർമ്മിതി പഴയ രീതിയിലേക്ക് പരിവർത്തനം ചെയ്തിരിക്കുന്നു. പ്രകൃതിയുടെ പാപപരിഹാരം!

◇ 2025/06/12 ◇

“കഥാവശേഷയായ പാഞ്ചാലിയെ മറവു ചെയ്ത ശേഷമാണ് ഓടി പിടഞ്ഞെത്തി നിങ്ങളെ കണ്ടുമുട്ടിയത്. എങ്ങനെ ഓർക്കുന്നു ആ വിചിത്ര സ്ത്രീയെ?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ഹിമാലയമലഞ്ചെരുവിൽ സന്ധ്യ.

“ആകസ്മികമായി ഞങ്ങളുടെ ദാമ്പത്യത്തിൽ വന്നു, നീണ്ടകാല ദുരനുഭവങ്ങളിലൂടെ കടന്നു പോയി എന്ന അടിസ്ഥാന വസ്തുത മാറ്റിവച്ചാൽ, ആ സ്ത്രീയുടെ ജന്മാന്തരങ്ങളെ കുറിച്ചെന്തെങ്കിലും പറയാൻ ഞാൻ ഇപ്പോഴും അശക്തൻ. തിരക്കുണ്ട്. ഇനിയും വടക്കോട്ടുള്ള വഴിയിൽ, ആരും നോക്കാനാളില്ലാതെ കൊഴിഞ്ഞുപോവേണ്ടവർ ഞങ്ങൾ പഞ്ചപാണ്ഡവർ. വിട”, അക്ഷമയോടെ മുന്നോട്ടു വച്ച കാലുമായി യുധിഷ്ഠിരൻ യാത്രപറഞ്ഞു. മറ്റു നാലു പാണ്ഡവർ ഇനി മരണനറുക്ക് ആർക്കു എന്നറിയാൻ പരസ്പരം മുഖം നോക്കി.

◇ 2025/06/13 ◇

“ഭർത്താക്കന്മാർ ഹസ്തിനപുരി കോട്ട പിടിച്ചെടുക്കാൻ, മാറിനിന്ന ആസൂത്രണം ചെയ്യുമ്പോൾ, നിങ്ങൾ, നിങ്ങൾ മാത്രം, ഭീമഗദാ പ്രഹരത്തിൽ തുടയെല്ല് തകർന്ന കിടന്ന ദുര്യോധനനോട് മൃദുവായി എന്തോ ചോദിക്കുന്ന പോലെ തോന്നിയത് എനിക്ക് മാത്രമാണോ?” പാഞ്ചാലി യുദ്ധ ഭൂമിയിൽ അലയുന്നത് കണ്ടെത്തിയ കൊട്ടാരലേഖിക ചോദിച്ചു.

“നിങ്ങൾ, നിങ്ങൾ തന്നെയല്ലേ ജീവകാലം മുഴുവൻഎന്നെ തുണിയുടിപ്പിച്ചും അഴിച്ചും വേട്ടയാടിയ ശത്രു, എന്ന് ഞാൻ വിരൽ ചൂണ്ടി ചോദിച്ചു. ഇരുകൈകളും നീട്ടി ‘പ്രിയപ്പെട്ടവളേ എന്നും ഞാൻ നിന്റെ ആരാധകൻ’ എന്ന് പറഞ്ഞുകൊണ്ടവൻ കടിനീരിനു യാചിച്ചപ്പോൾ, മേൽ വസ്ത്രം നീക്കി മുലപ്പാൽ ഇറ്റിറ്റായി ചുണ്ടിൽ ഒഴിച്ച് കൊടുത്തു. വിറയ്ക്കുന്ന ചുണ്ടുകളോടെ നന്ദി ചൊല്ലി കൊണ്ടവൻ ശാന്തനായി. അതുപോലെ ചെയ്യാൻ എനിക്കവനോട് ബാധ്യതയുണ്ട്.”

“ഉടലിലിൽ കൊഴുപ്പുണ്ടെങ്കിലും, ഹൃദയത്തിൽ കാരുണ്യമില്ലാത്തവൻ എന്ന് ദുര്യോധനൻ നിങ്ങളെ വിശേഷിപ്പിക്കുന്നതിൽ രോഷമുണ്ടോ? അഥവാ, പറയുന്നതിൽ കാര്യമുണ്ടോ?”, രൗദ്ര ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“നയതന്ത്രചാതുരി പ്രകൃതി എന്നിൽ ചൊരിഞ്ഞില്ലെന്നത് ആരും കാര്യമായെടുത്തിട്ടില്ല, കാരണം, ദൗത്യം കാര്യക്ഷമമായി ചെയ്യുന്ന എന്നെ ധീരൻ എന്നാദ്യം വിശേഷിപ്പിച്ചത് കുന്തി! അതാണെനിക്ക് കാര്യം. പാണ്ഡുചിതയിൽ മാദ്രി വേണം സതി ചെയ്യാനെന്ന കുന്തിയുടെ ആജ്ഞ, മാദ്രിയിൽ ബലം പ്രയോഗിച്ച ചെയ്ത കുന്തി കാണിച്ചപ്പോഴായിരുന്നു പ്രശംസ. അന്ന് ഞാൻ കുട്ടിഭീമൻ, തുടയിലും അരക്കെട്ടിലും ദുർമേദസ്സുള്ളവൻ.

“ജീവിക്കണം എനിക്കിനി പുതുജീവിതം!”, എന്ന് വാവിട്ടു നിലവിളിച്ച മാദ്രി കത്തി കരിക്കട്ടയാവും വരെ ചിതക്കരികെ ഉണക്കവിറകുമായി ഞാൻ നിൽക്കുന്നതു കണ്ട മാദ്രിമക്കൾ നകുലനും സഹദേവനും ഭയന്നു വിറച്ചു ഓടിപ്പോയി. ക്ഷാത്രവീര്യം അടങ്ങിയില്ല. ഇന്ന് പതിനേഴാം ദിവസം കർണ്ണനെ അർജ്ജുനൻ ‘ചുരുട്ടിക്കൂട്ടി’. എപ്പോഴാണ് ദുര്യോധനനെ അതു പോലെ കൈകാര്യം ചെയ്യാൻ കിട്ടുക എന്ന് തരം നോക്കി നടക്കുകയാണ് ഞാൻ. കിട്ടിയാൽ അവൻ തിരിച്ചറിയും, രൗദ്രഭീമന്റെ കണ്ണിൽ, കനലുള്ള തീയാണോ പുകയാണോ, ഗദക്കു മാരക പ്രഹര ശേഷിയുണ്ടോ”. കൊന്നുകൂട്ടിയ കൗരവരുടെ പേരുകൾ കൊച്ചുകുട്ടിയെ പോലെ തെറ്റിപ്പറഞ്ഞും സ്വയം തിരുത്തിയും പോരാട്ട തിമിർപ്പിലായിരുന്ന പാളയ ഭീമൻ.

◇ 2025/06/14 ◇

“വനവാസക്കാല അഭിമുഖങ്ങളിൽ പതിവാണല്ലോ “ഞാൻ കൗരവഅടിമ” എന്ന അഭിമാനബോധം. സ്വതന്ത്രചിന്തയുള്ള ആധുനികവനിതയെന്ന പൊതുസങ്കൽപ്പമുള്ള നിങ്ങൾക്കെങ്ങനെ കഴിയുന്നു, ഒരു പക്ഷേ, ഭയം കൊണ്ടാണെങ്കിൽ പോലും, സ്വയം ഇങ്ങനെ ചുരുങ്ങാൻ?” കൊട്ടാരം ലേഖിക ചോദിച്ചു. പഞ്ചാലിക്ക് ഹസ്തിനാപുരി മഹാറാണിപദവി കിട്ടിയ കാലം.

“നാമമാത്ര വസ്ത്രാക്ഷേപം മാത്രമേ കൌരവർ ചെയ്തുള്ളൂ. നഗ്നമേനിയുടെ ദൃശ്യചാരുത ഒന്നു കൺകുളിർക്കെ ആസ്വദിക്കട്ടെ എന്നാണവർ പുഞ്ചിരിച്ചത്. ഉടുതുണിയൂരുംമുമ്പ്, എന്റെ തുടയിൽ ഇരിക്കു എന്നായിരുന്നില്ലേ പ്രിയദുര്യോധനന്റെ ക്ഷണം? ഇനി പോയി യുധിഷ്ഠിരനോട് രഹസ്യമായി ചോദിക്കു, അയാളും സഹോദരന്മാരും എക്കാലവും എന്നെ എവിടെ ഇരുത്തിയാണ് നഗ്നമേനി ദുരുപയോഗം ചെയ്തുക!”

“ജേതാക്കളെന്ന വ്യാജേന ചെങ്കോൽ പിടിച്ചെടുക്കാൻ ഓടിക്കിതച്ചെത്തിയ പാണ്ഡവരെ ആചാരവെടിയാൽ ആനയിക്കുകയല്ല, ആതുരാലയത്തിലേക്കു കൊണ്ടുപോവുകയാണ് വേണ്ടത് എന്നൊക്കെ നിങ്ങൾ പ്രസംഗിക്കുന്നത് ശ്രദ്ധയിൽ പെട്ടു. ജയിച്ചവർ അവർതന്നെ എന്നതിന് തെളിവല്ലേ ഉയിരോടെ എത്തി, കൗരവരുടെ ജഡം നൂറും തിരിച്ചറിഞ്ഞതു? ക്ഷീണമുണ്ടെങ്കിലും പാണ്ഡവർക്ക് ചിത്തഭ്രമം?”, കൊട്ടാരം ലേഖിക ചോദിച്ചു. കൗരവാനുകൂലികളുടെ സമ്മേളനത്തിൽ ചെയ്ത വികാരഭരിത പ്രസംഗത്തിന് കിട്ടിയ കയ്യടിയിൽ സന്തുഷ്ടനായിരുന്ന അർദ്ധനഗ്ന യുക്തിവാദി ചാർവാകൻ.

“ചികിത്സ കിട്ടിയില്ലെങ്കിൽ യുധിഷ്ഠിരൻ സ്വയം ഇന്ദ്രപ്രസ്ഥം ചക്രവർത്തി എന്ന് വീണ്ടും വഴിയിൽ ഓരോയിടത്തും അവരോധിക്കും. ഭീമൻ രൗദ്രഭീമനായി ഇരകളെ തേടും. വിഷാദരോഗിയായി അർജ്ജുനൻ അലഞ്ഞുനടക്കും. ചിതയിൽ മാദ്രിയെ തള്ളിയിട്ടു എന്ന പഴയ ആരോപണം പൊടിതട്ടി നകുലനും അനുജനും കുന്തിയെ വേട്ടയാടും. മലഞ്ചെരുവുകളിലെ സുഖവാസകേന്ദ്രത്തിൽ (അരുത് ഇനിയൊരു വരണാവതം മാതൃക) മാറ്റിപ്പാർപ്പിക്കു. കുന്തവും ഗദയുമല്ല മഴയും നിലാവും നിറഞ്ഞ വേറൊരു ലോകമുണ്ടെന്ന കാര്യം അവരിൽ തിരിച്ചുവരണം. കുരുക്ഷേത്ര അവർക്കു ആത്മപീഡന കേന്ദ്രമായിരുന്നു. പന്ത്രണ്ടുവർഷക്കാല വനവാസം, അജ്ഞാതവാസവും പതിനെട്ടുനാൾ പോരാട്ടവും കഴിഞ്ഞപ്പോൾ അവർക്കോർമ്മയില്ല. വേണ്ടത് കൊച്ചുകൊച്ചു കൈത്തൊഴിലുകളും അന്തിയുറങ്ങാൻ വെവ്വേറെ കുടിലുകളും—ഏറ്റവും പ്രധാനം പാഞ്ചാലിയെ അവർക്കൊപ്പം ഇനി അയക്കരുത്. ഇച്ഛാശക്തി കൊണ്ടവൾ ഇത്രയും കാലം പേപിടിക്കാതെ പിടിച്ചു നിന്നതു പ്രകൃതിയുടെ സൗജന്യം!”

◇ 2025/06/15 ◇

“സ്മൃതിനാശം വന്ന കുന്തിയെ നിങ്ങൾ, ഗാന്ധാരിക്കൊപ്പം കാട്ടിലേക്കയച്ച എന്നാണ്ണ കൃപാചാര്യൻ താടിക്കു കൈവച്ച പരിതപിക്കുന്നത്. വല്ല കഴമ്പുമുണ്ടോ മഹാപുരോഹിതന്റെ ദുരാരോപണത്തിൽ?”, കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവർ അധികാരത്തിൽ വന്നയുദ്ധാനന്തര ഹസ്തിനപുരി.

“കുന്തിയുടെ സ്മൃതിനാശം! ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറും മുമ്പ് തന്നെ കൃപാചാര്യനടക്കം ഹസ്തിനപുരിയിൽ പലർക്കും അങ്ങനെ സംശയം ഉണ്ടായിരുന്നല്ലോ. “ഞങ്ങളുടെ കൂടെ വരൂ അമ്മാ”, എന്ന് കുന്തിയെ ഞാൻ ഉപചാരപൂർവ്വം ക്ഷണിച്ചപ്പോൾ, “നീ എപ്പോഴാണ് എന്റെ മകനായത്, എനിക്കൊരു മകനേയുള്ളൂ തേജസ്വിയായ സൂര്യപുത്രൻ” എന്നാണവർ പാണ്ഡവസാനിധ്യത്തിൽ പറഞ്ഞത്.”, വയോജനനങ്ങൾക്കും വേണം അന്യദിനങ്ങളിൽ സാന്ത്വനവിശ്രമം എന്ന ഗുരുകുല സംവാദത്തിലേക്ക് പോവാൻ തേരിൽ കയറുകയായിരുന്ന, മിക്കവാറും ആയിരം പൂർണചന്ദ്രന്മാരെ കണ്ട ഇളമുറപാണ്ഡവൻ!

“രാഷ്ട്രീയ ശരികളുടെ നിലപാടുതറ പുത്രസാഹചര്യത്തിൽ മാറ്റിയും പരിപാലിച്ചും, ദൈനംദിനജീവിതത്തിൽ പിടിച്ചുനിൽക്കാം എന്ന നിങ്ങളും അങ്ങനെ തിരിച്ചറിഞ്ഞു അല്ലേ?”, കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു. കുരുക്ഷേത്രയിൽ കൗരവർക്കൊപ്പം, പാണ്ഡവർ യുദ്ധം ജയിച്ചപ്പോൾ, കൂറ് അവർക്കൊപ്പവും നിലനിർത്തിയ കൃപാചാര്യരോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കൊട്ടാരഗുരു എന്ന പരമോന്നതപദവിയിൽ നിന്നും, കിരീടാവകാശി പരീക്ഷിത്തിന്റെ ഭാവിഗുരു പദവി അനുവദിക്കാൻ എന്റെ നല്ലനടപ്പ് പാണ്ഡവർ പതിവായി പരിശോധിക്കുമ്പോൾ, ഉദാരമായി പ്രോത്സാഹിപ്പിക്കുമോ നിങ്ങൾ ഈ അനാഥ വൃദ്ധനെ?”

“സൗന്ദര്യാരാധകനുമാണല്ലേ? പാഞ്ചാലിയുടെ സ്വയംവരത്തിൽ കണ്ടല്ലോ മുൻനിരയിൽ മത്സരാർത്ഥിയായി?”, കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“നിങ്ങൾ ശരിക്കും ഒരു ശ്രദ്ധാത്മാവ്! വാരണാവതം സുഖവാസ മന്ദിരം തീയിട്ട് ഒളിവിൽപോയ കുറ്റവാളി പാണ്ഡവരെ കയ്യോടെ പിടികൂടാനുള്ള കെണിയായിരുന്നില്ലേ മത്സരവേദി? പാണ്ഡവർ മരിച്ചെന്ന കരുതി, കൗരവർ ശ്രാദ്ധം ചെയ്യ. അന്നം ചോദിച്ചു വന്ന ആറംഗ ആദിവാസി കുടുംബത്തെ ഇരകളാക്കി ഭ്രഗർഭപാതയിലൂടെ രക്ഷപ്പെട്ടവർ പൊങ്ങിയത് ഏകചക്ര ഗ്രാമത്തിൽ ആയിരുന്നെങ്കിലും, പരസ്യമായി വേണം അവരെ പൊളിച്ചടുക്കാനെന്ന ദുര്യോധനൻ പറഞ്ഞപ്പോൾ പാഞ്ചാല ചൂണ്ടവേദിയാക്കി. പാണ്ഡവരെ സ്വയംവരത്തിലേക്കു വരാൻ പ്രേരിപ്പിക്കണമെന്ന വ്യാസനോട് ആവശ്യപ്പെട്ട. കനത്ത ദുര്യോധനസ്വരം എന്നറിഞ്ഞ വ്യാസൻ ദൗത്യം ഏറ്റെടുത്തു. കുറച്ച കാലമായുള്ള വേഷംകെട്ടും ജീവിതരീതിയും പാണ്ഡവരെ തുണച്ചില്ല. ‘തസ്കരന്മാ’രെ ഞാൻ തിരിച്ചറിഞ്ഞു. കള്ളി മനസ്സിലായെന്നവരുടെ ശരീരഭാഷയിൽ തെളിഞ്ഞു. മത്സരത്തിൽ നാമമാത്രമായി പങ്കെടുത്തത്, പരിഷ്കൃതവനിതയെന്ന പേരെടുത്ത പാഞ്ചാലി അവർണ്ണ കർണ്ണനോടു എന്തു സ്വയംവര നിലപാടെടുക്കുമെന്നു അറിയാൻ അവസരമായി. ജാതിഭ്രാന്തിൽ പാഞ്ചാലി ആളുമോശമല്ലെന്നു വ്യക്തമായി.”

◇ 2025/06/16 ◇

“അഞ്ച് പെറ്റ പാഞ്ചാലി, കുട്ടികളെ പോറ്റി വളർത്താത്തതു കണ്ടു മനം തപിച്ചാണവരെ പാഞ്ചാലയിൽ വളർത്താൻ ഏൽപ്പിച്ചത് എന്നാണോ? അല്ല, പഞ്ചപാണ്ഡവർക്ക് വേറെ പണിയെന്താ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“നേരത്തിന്നു ഭക്ഷണം കൊടുക്കാതെയും, കുളിപ്പിച്ച് വസ്ത്രം മാറ്റാതെയും എന്തിനാണ് നീ കൊച്ചുകുഞ്ഞുങ്ങളെ കഷ്ടപ്പെടുത്തുന്നത് എന്ന വിമ്മിഷ്ടത്തോടെ ചോദിച്ചാൽ, “ഇത് നിങ്ങളുടെ സ്വന്തം കുട്ടിയല്ലല്ലോ, പിന്നെന്താ?”, എന്നവൾ തിരിച്ചടിക്കും. വിശന്നു നിലവിളിക്കുന്നത് കാണാൻ ആവാതെ, അവസാനം അവളറിയാതെ ഞങ്ങൾ കുട്ടികളെ ‘സുരക്ഷിത’ സ്ഥാനത്തു ഏൽപ്പിച്ചു”, പത്തു കണ്ണുകൾ നിറഞ്ഞു, ശബ്ദം ഇടറി. യുധിഷ്ഠിരൻ മുഖം താഴ്ത്തി. ജാലകത്തിന്നപ്പുറത്തു രണ്ടു പെൺകണ്ണുകൾ ഇമതല്ലാതെ ആ നാട്യ രംഗം നിരീക്ഷിച്ചു.

“ക്ലേശകരമായിരുന്ന കൗന്തേയദാമ്പത്യമെന്നു ഖേദിക്കുമ്പോഴും, പാണ്ഡവർ മൊത്തം അവളുടെ ശവമടക്ക് ബഹിഷ്കരിച്ച നിലക്കു ചോദിക്കട്ടെ, പാഞ്ചാലിയുടെ അഹന്തക്കേറ്റ ഒരു ദാമ്പത്യവീഴ്ചയെങ്കിലും പങ്കു വെക്കാമോ”, കൊട്ടാരം ലേഖിക ചോദിച്ചു. മരുപ്പച്ചയിൽ നടു ചായ്ക്കുകയായിരുന്ന അശേഷം ഖേദമില്ലാത്ത പാണ്ഡവർ. ജീവിതാന്ത്യ വാനപ്രസ്ഥക്കാലം.

“ആനന്ദസ്രോതസ്സായി പായേണ്ടിടത്തിൽ അഞ്ചു ആണുങ്ങളെ തരം പോലെ പരിഗണിക്കുമ്പോഴും, അവരഞ്ചുപേരിൽ ഒരാളെങ്കിലും വിവാഹബാഹ്യ പ്രണയത്തിൽ കുടുങ്ങുന്നത് അസഹിഷ്ണുതയോടെ കാണുന്ന വൈകാരിക പരിസരം പാഞ്ചാലി ആദ്യരാത്രി മുതൽ പരിപാലിച്ചു. ദേവ നിയോഗമെന്നൊക്കെ എത്ര ന്യായം ഞങ്ങൾ പറഞ്ഞാലും, അവൾ വിരൽ വീശി തിരസ്കരിക്കും. സഹികെട്ട് സന്യസിക്കാൻ പോയ ഞാൻ, ഇടവേളക്കു ശേഷം കൂടണയുന്ന ദിവസം: ചാരവിവരമനുസരിച്ചവൾ അർജ്ജുനനെ കൈകാര്യം ചെയ്യാൻ രഹസ്യമായി തയ്യാറെടുത്തിരുന്നു. നവവധൂവരന്മാരെ വിവസ്ത്രരാക്കി നടത്താനായിരുന്ന പ്രതികാര നടപടി. കുടിയേറ്റക്കാരിയിൽ നിന്നും ‘ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി’ എന്ന സ്വപ്നതുല്യമായ അവസ്ഥയിലേക്കവൾ ഉയർന്നിരുന്ന എന്നോർക്കണം. പാണ്ഡവരെ നാണം കെടുത്താനുള്ള ദുഷ്കർമ്മ പദ്ധതിയറിയാതെ ഞാനും നവവധുവും നഗരവാതിലിൽ എത്തുമ്പോൾ ദ്രൗപദിക്ക് പുതുവിവരം കിട്ടുന്നു. അർജ്ജുനനുമൊത്തു പടികയറിവരുന്നത് ദ്വാരക നാടുവാഴിയുടെ അനുജത്തി സുഭദ്ര! കൂറ്റിച്ചുലോങ്ങാൻ ഒരുങ്ങിയ ചക്രവർത്തിനി അതാ, കത്തിച്ച നിലവിളക്കും പിടിച്ചു ഞങ്ങൾക്കു നേരെ വരുന്നു ഉപചാരപൂർവ്വം സുഭദ്രയെ സ്വീകരിക്കാൻ! ദിവസങ്ങളോളം അവൾ ക്ഷോഭത്തോടെ, ഞങ്ങളുടെ സാന്നിധ്യത്തിൽ വരാതെ ഒഴിഞ്ഞുമാറി. വല്ലാത്ത സ്ത്രീ തന്നെ ഈ പാഞ്ചാലി! കഥ പറയുന്നതനിടയിൽ ചോദിക്കാൻ വിട്ടു, പാഞ്ചാലിയുടെ ചരമ ശ്രുശ്രൂഷയിൽ പങ്കെടുത്തത് പ്രഖ്യാപിത യുക്തിവാദിയായ നിങ്ങൾ മാത്രം, അല്ലെ!”: മറ്റ പാണ്ഡവർ അർജ്ജുനന്റെ ചോദ്യം കേട്ട് ആർത്തട്ടഹസിച്ചു കൂടെക്കൂടിയ പട്ടി വിശ്വസ്തതയോടെ വാലാട്ടി.

“സ്ഥലജലഭ്രമം നിറഞ്ഞ ഇന്ദ്രപ്രസ്ഥം മായികസഭാതലത്തിൽ നിന്ന് പരുക്കൻ പ്രതലവും ചോർച്ചയുമുള്ള ഈ കാട്ടുകുടിലിൽ, വ്യാഴവട്ടക്കാലം കൗരവ അടിമ എന്ന ശിക്ഷ, അലോസരപ്പെടുത്തുന്നുണ്ടോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“ദുരഭിമാനത്തിൽ തൂങ്ങിപ്പിടിക്കുകയാണല്ലോ കുരുവംശ ഇതിഹാസം എന്നതാണ് ചിന്താകുഴപ്പത്തിലാക്കുന്നത്, അല്ലാതെ, കൗരവഅടിമ എന്ന അവസ്ഥയല്ല. പറഞ്ഞു വന്നാൽ, അവർ നൂറുപേരും എന്റെ ആരാധകർ.”

“വസ്ത്രാക്ഷേപ വിവാദത്തിലെ പ്രതിനായകനായ കൗരവൻ രഹസ്യനിരീക്ഷണത്തിൽ?” കൊട്ടാരം ലേഖിക അരമന അന്തഃപുരത്തിലെ ഔദ്യോഗിക വക്താവിനോട് ചോദിച്ചു. ചൂതാട്ടസഭയിൽ പാഞ്ചാലിക്ക് നേരെ ഉണ്ടായ ലൈംഗിക അതിക്രമം കുതിരപ്പന്തികളിൽ ചർച്ച നിലക്കാത്ത ദിനങ്ങൾ. “ആയിരിക്കണമല്ലോ. ഓരോ കറുത്ത വാവിന് ശേഷവും, കൗരവ രാജ വധുക്കളെ ഒന്നൊന്നായി വിളിച്ചുവരുത്തി, ആരോപിതനിൽ നിന്നും അവർക്കു നേരെ വസ്ത്രാക്ഷേപം, അഥവാ വസ്ത്രാക്ഷേപശ്രമം ഉണ്ടായോ, എന്ന സംശയത്തിൽ തെളിവെടുപ്പ് ചെയ്യും. അതല്ലേ ഹസ്തിനപുരിയെ പരിഷ്കൃതസമൂഹം എന്നു വിളിക്കാൻ തക്ഷശില വിശ്വ വിദ്യാലയത്തെ പ്രേരിപ്പിച്ച സ്ത്രീസൗഹൃദ കാഴ്ചപ്പാടിന്റെ കാതൽ.”

◇ 2025/06/17 ◇

“ഗാർഹികപീഡനം ആരോപിച്ച ഭർത്തൃമാതാവ് കുന്തിക്കെതിരെ നീതിപീഠത്തിൽ പാഞ്ചാലി പരാതി കൊടുത്തപ്പോൾ, വിചാരണക്കു ശേഷം അവൾക്ക് അനുകൂല വിധി പറഞ്ഞ വനിതാവകാശ സമിതി അധ്യക്ഷയല്ലേ സൈന്ധവറാണി ദുശ്ശള? എന്നിട്ടിപ്പോൾ അവളുടെ ഭർത്താവു ജയദ്രഥനെ ഭീമൻ അപമാനിച്ചപ്പോൾ ആഹ്ലാദിക്കുന്നുവോ പാഞ്ചാലി?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. വനവാസക്കാലം.

“കടപ്പാടൊന്നുമില്ല. സൗമനസ്യത്തോടെ ഓർത്തു വെക്കാൻ എന്തുണ്ടതിൽ? നവവധുവായി ഹസ്തിനപുരിയിൽ വന്ന പാഞ്ചാലിക്ക് കൗരവവധുക്കളിൽ നിന്നും അവമതിയുണ്ടായി. ബഹുഭർതൃത്വം അചിന്ത്യം എന്നവൾക്കെതിരെ ഏകാങ്കത്തിൽ പരിഹസിച്ചപ്പോൾ മനംനൊന്ത നവവധു, കുന്തിയെ പ്രതിസ്ഥാനത്തു നിർത്തിയത് ധാരണാപിശകെന്ന ബോധ്യം പിന്നീട് വരുമ്പോഴേക്കും ദുശ്ശളവിധി വന്നിരുന്നു. ബഹുഭർതൃത്വം അത്ര മോശമൊന്നുമല്ല എന്നവൾ എന്നോട് മനസ്സുതുറക്കയും ചെയ്തു. വിരസ ദാമ്പത്യത്തിന്റെ കാരണം പായക്കുട്ടിനു വൈവിധ്യത ഇല്ലെന്നവൾ മനസ്സിലാക്കി എന്നതാണ് കാര്യം. ദുശ്ശളയുടെ ഭർത്താവു ജയദ്രഥ മഹാരാജാവ് ചെയ്തത് കാപട്യമായിരുന്നു. ‘പ്രണയപാശത്താൽ ഞാൻ നിന്നോട് ബന്ധിതൻ’ എന്നു തുറന്നുപറയുന്ന ആർജ്ജവം അവനുണ്ടായിരുന്നില്ല. കൗരവ സഹോദരിയാണ് ദുശ്ശള എന്ന വസ്തുത വലിയബഹുമതിയൊന്നുമല്ല.”

“നൂറു കൗരവരെയും ഒന്നൊന്നായി ഭീമൻ കൊല്ലാൻ സമയം കുറെ വേണമല്ലോ. ഇന്ന് അർദ്ധരാത്രി അവൻ മിന്നലാക്രമണത്തിൽ ധൃതരാഷ്ട്രരെ ബന്ദിയാക്കട്ടെ, ലോകശാന്തിക്കായി പ്രതിപക്ഷ നേതാവ് ദുര്യോധനനുമായി മുഷിഞ്ഞു വിലപേശൽ ചെയ്താൽ പോരെ?” പാഞ്ചാലി ചോദിച്ചു. കുരുക്ഷേത്ര സൈനിക പാളയം, പാണ്ഡവ കുടുംബം. യുദ്ധതലേന്ന്. “എങ്ങനെയെങ്കിലും നിന്റെ ആരാധകരായ കൗരവരെ പോറൽ ഏൽപ്പിക്കാതെ രക്ഷിക്കണം അല്ലേ. എത്രയോ കാലമായി ഹസ്തിനപുരി അന്തഃപുരത്തിൽ, അന്തസ്സോടെ കഴിയുന്ന കുന്തിയെ ബന്ദിയാക്കാനൊന്നും ദുര്യോധനൻ ശ്രമിച്ചില്ലല്ലോ. കുന്തി സ്വയം ബന്ദിയായി. അതാണ് ദുര്യോധനന്റെ നേതൃത്വം!” യുധിഷ്ഠിരൻ മുൾവാക്ക് പറഞ്ഞു അതോടെ സമാധാന ചർച്ച വഴി മുട്ടി.

◇ 2025/06/18 ◇

“ഇന്നുമൊരു നവജാത ശിശുമരണം—ദരിദ്രകുടിലിലല്ല, ഹസ്തിനപുരി കൊട്ടാരത്തിൽ. അന്തഃപുരവേലക്കാരുടെ വസതിയിലല്ല, മഹാറാണിഗംഗയുടെ പ്രസവത്തിൽ—തുടർച്ചയായ ഏഴാമത്തെ. ദുരൂഹത തോന്നിയില്ലേ?”, മഹാരാജാവ് ശന്തനുവിനോട് കൊട്ടാരം ലേഖികചോദിച്ചു.

“കണ്ണുതുറന്നു നോക്കിയാൽ കാണുന്ന ഈ ലോകത്തിൽ എന്തെങ്കിലും ദുരൂഹമല്ലാതുണ്ടോ? തെരുവായ തെരുവെല്ലാം ഓടിനടന്നു ഇല്ലാത്ത കഥകൾ നെയ്യുന്ന നിങ്ങൾ നാളെ ഇതേ സമയത്ത് ഒരു പിടി ചാരമായി മാറിയാൽ അതും ദുരൂഹമാവുമോ? ഇന്നലെ ഈ സമയത്ത് ഗർഭശ്രീമാനായിരുന്ന കിരീടാവകാശി ഇപ്പോൾ നദിയൊഴുക്കിലെവിടെയോ പൊങ്ങിയ കുഞ്ഞുജഡമായതിൽ ദുരൂഹതയില്ലേ? ഉണ്ടല്ലോ! ഇനി അതിലധികം ദുരൂഹമല്ലേ ഇന്ന് പുലർച്ച ചോരക്കുഞ്ഞിനെ പുഴയിൽ കഴുകിയെടുക്കും മുമ്പ് കൈ വിരലുകൾക്കിടയിലൂടെ ഒഴുക്കിൽ വീണുപോയ കുഞ്ഞിനെ പ്രസവിച്ച ഗംഗയിതാ, കൊട്ടാരഉദ്യാനത്തിൽ വാസനപൂക്കൾ പറിക്കുന്നതു നോക്കൂ. രാത്രിയവൾ എന്റെ പായിൽ സുഗന്ധിയായി കിടക്കുമ്പോൾ വീണ്ടുമൊരു ഗർഭം ധരിക്കാൻ ശാരീരിക ക്ഷമതയുണ്ടാവും എന്നുറപ്പ്. നാളെയവൾ ഗർഭവതിയാകും. മറ്റന്നാൾ വീണ്ടും, പെറ്റകുഞ്ഞിനെ മുക്കിക്കൊല്ലും—ഒന്നും ദുരൂഹമല്ല. എന്ത് ഹീനപ്രവർത്തിക്കും നിങ്ങളോട് വാതുറന്നു വിശദീകരിക്കാനുണ്ടാവും പിന്നാമ്പുറ കഥകൾ!”

“‘കുറുക്ക്’നെന്നറിഞ്ഞിട്ടും, ‘കോഴി’യായി നിങ്ങൾ കൂടെപോയോ?”, കൊട്ടാരം ലേഖിക ചോദിച്ചു. വിരാടറാണിയുടെ സൗന്ദര്യപരിശീലകയായി പാഞ്ചാലി അജ്ഞാതവാസം ചെയ്യുന്ന സംഘർഷ ദിനങ്ങൾ.

“യുവസൈനികമേധാവി, അവിവാഹിതൻ, അധികാരവും ആകർഷകത്വവുമുള്ള കീചകനെ അകറ്റി നിർത്തേണ്ട കാര്യമില്ലല്ലോ. റാണി സുദേഷ്ണയുടെ കൊച്ചനിയനല്ലേ, ആ നിലയിൽ, ഞാൻ ജോലി ചെയ്തല്ലേ പറ്റൂ. പടയോട്ടങ്ങൾക്കുശേഷം വിശ്രമത്തിനും വിനോദത്തിനും അവൻ വന്നപ്പോൾ, കാണാൻ എനിക്ക് തോന്നി. രൂപഭാവങ്ങളൊക്കെ സഹോദരിയിൽനിന്നും വിഭിന്നം. സൈനികവേഷവും, ഔദ്യോഗിക രൂപമൊക്കെയാണെങ്കിലും, മുഖത്ത് കാണുക, സംഗീതം നൃത്തം മാന്ത്രികവിദ്യ,സുകുമാരകല! വിഭവങ്ങളും മദ്യവും വസതിയിൽ രാത്രി കൊണ്ടു പോകാമോ എന്ന് സുദേഷ്ണ ചോദിച്ചപ്പോൾ സ്വീകരിച്ചു. മദ്യലഹരിയിൽ കെട്ടുവിട്ട പെണ്ണിന്റെ അരക്കെട്ടിൽ പിടിക്കുന്ന വിഷയലമ്പട നായിരുന്നില്ല കീചകൻ. പക്ഷിത്തൂവൽസ്പർശമുള്ള പരിലാളനയോടെ എഴുന്നേറ്റുനിന്ന അഭിസംബോധന ചെയ്തു. ‘മകനാവാനുള്ള പ്രായമല്ലേ നിനക്കു’ എന്നവനെ ഞാൻ പരീക്ഷിച്ചപ്പോൾ, ‘ആൺപെൺ പ്രണയത്തിനെത്ര വയസ്സായി’ എന്ന അവന്റെ ശിശുഭാവങ്ങൾ സദാചാര പ്രതിബന്ധങ്ങളെ അകറ്റി. മുന്നേറിയ സ്വാഭാവിക ശാരീരികത, ഭീമവായനയിലൂടെ ദുരഭിമാനകൊലയായി. അഞ്ചാണുങ്ങൾ വർഷങ്ങളോളം തിരിച്ചും മറിച്ചും അധ്വാനിച്ചിട്ടും ഉണരാത്ത ഈ ഉടലിനെ എത്ര നൈസർഗിക രതിനൈപുണ്യത്തോടെ തന്ത്രിവാദ്യമാക്കി നീ മാറ്റി!”. സൈരന്ധ്രിയുടെ മുഖം വിവർണ്ണമായി. ചുണ്ടു വിറച്ചു. കൺപീലികൾ നനഞ്ഞു.

◇ 2025/06/19 ◇

“ഗാർഹിക പീഡനത്തിനു മകൾ ഇര എന്ന ആരോപണവുമായി പാഞ്ചാലൻ, പാണ്ഡവർക്കെതിരെ പടവാൾ ഉയർത്തിയല്ലോ. ഭാര്യാപിതാവിന്റെ ഭീഷണിയിൽ ഭയന്നു പോയോ യുധിഷ്ഠിരൻ?” കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. വനവാസക്കാലം.

“ദക്ഷിണയായി തള്ളവിരൽ കടിച്ചു മുറിച്ചെടുക്കുന്ന ഗുരുദ്രോണർ എനിക്കൊരു അസാധ്യപണി തന്നു— സഹപാഠി പാഞ്ചാലനെ വരിഞ്ഞു കെട്ടി ദക്ഷിണയായി മുമ്പിൽ വക്കണം. അന്ന് ഞാൻ കൗമാരവിദ്യാർത്ഥി. എന്നിട്ടും ഏൽപ്പിച്ച ജോലി ചെയ്തു. പക്ഷേ, പാഞ്ചാലീ പരിണയത്തിൽ പാഞ്ചാലൻ ചെവിയിൽ എന്നോട് പറഞ്ഞു, അന്ന് ഞാൻ നിനക്ക് ബന്ധിയായി വഴങ്ങിത്തന്നത്, ദ്രോണശാപം നിനക്കു ഉണ്ടാവാതിരിക്കാൻ. അതുമേൽ പ്രിയപ്പെട്ട പാഞ്ചാലനിപ്പോൾ ചൂടാവണമെങ്കിൽ, ആരോ പൂർണ്ണസത്യം പ്രചരിപ്പിക്കുന്നുണ്ടാവും. സന്യസ്തർക്ക് ‘സേവനം’ നൽകാൻ കൗരവാജ്ഞ ഉള്ളപ്പോൾ യുധിഷ്ഠിരൻ, പാഞ്ചാലിയെ ആ പുറം ജോലിക്കു നിത്യവും തള്ളി വിടുന്നത് കണ്ടു ഞാനും പ്രതിഷേധിച്ചിട്ടുണ്ട്. ഇന്ദ്രപ്രസ്ഥം ചക്രവർത്തി ആയിരുന്നവൻ തന്നെ വേണം ആശ്രമ മാലിന്യങ്ങൾ സംസ്കരിക്കാൻ അല്ലേ, എന്നയാൾ അപ്പോൾ വിലാപത്തോടെ തിരിച്ചടിച്ചപ്പോൾ മറ്റു പാണ്ഡവർ പിന്തുണച്ചു. ഞാൻ ചൂളിപ്പോയി. പീഡകയുധിഷ്ഠിരനെ ഗാർഹിക സ്ത്രീനീതിയിൽ ബാലപാഠം പഠിപ്പിക്കട്ടെ പാഞ്ചാലൻ. അതൊക്കെ വിഭാവന ചെയ്യുന്നതിൽ പോലുമുണ്ടൊരു കാവ്യനീതി!”

“ദുര്യോധനൻ ഇന്നലെ ഏതു പാളയത്തിൽ അന്തിയുറങ്ങി എന്നു പോലും അറിയാത്ത നിങ്ങളെങ്ങനെ നൂറു കൗരവരെ കശാപ്പ് ചെയ്യുമെന്നാണ് ഞങ്ങൾ കരുതേണ്ടത്?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു കുരുക്ഷേത്രം. രാത്രി. “ഒന്നൊന്നായി”.

“എന്തിനാണൊരു തെരുവുപട്ടി കൂട്ടിനു? മഹാപ്രസ്ഥാനത്തിൽ പാണ്ഡവരുമൊത്തു നഗ്നപാദരായി വഴി നടക്കുമ്പോൾ മുൻ മഹാരാജാവ് യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു “വാക്കു മൃദുലമെങ്കിലും, നാവിൽ കാപട്യമുള്ളവൻ അർദ്ധസത്യവാൻ”, എന്നാണ് പാഞ്ചാലി എന്നെ യുദ്ധഭൂമിയിൽ വിശേഷിപ്പിച്ചതു. പാപബോധം ഇല്ലാതെ എനിക്ക് പെരുമാറാൻ ഈ വിശ്വസ്തകൂട്ട് തുണക്കും. കാരണം കൂടെ പൊറുക്കുന്നവൾ അകംപുറം നോക്കാതെ അവമതിക്കുമ്പോൾ നായ എപ്പോഴും പൊറുക്കും!”

◇ 2025/06/20 ◇

“സ്ഥലജലഭ്രമത്തിനും വസ്തുവാക്ഷേപത്തിനും ഇടക്കു പാണ്ഡവർക്കെതിരെ കൌരവ കുടിലനീക്കങ്ങൾ വിളിച്ചു പറയുമെന്ന് പാഞ്ചാലി. പ്രതികാര ബുദ്ധിയോടെ അടിമ ശിക്ഷാവിധി ആയുഷ്കാലം നീട്ടിയാലും, പാഞ്ചാലി തളരില്ല. എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക ദുര്യോധനനെ രഹസ്യ കാര്യാലയത്തിൽ കണ്ടെത്തി.

“സൌന്ദര്യ വർദ്ധക ഔഷധക്കൂട്ടുകളും ഉണക്ക പഴവർഗങ്ങളും പുത്തൻ അടിവസ്ത്രങ്ങളും പ്രത്യേക സൈനികൻ വശം രഹസ്യമായി കൊടുത്തയച്ചത് കിട്ടി നന്ദി എന്നുള്ള പാഞ്ചാലിയുടെ മറുപടി ഇതാ.”

◇ 2025/06/21 ◇

“അഭയാർത്ഥികളോടെന്താ അനിഷ്ടം? പറഞ്ഞു വന്നാൽ നിങ്ങളുടെ അച്ഛന്റെ അനുജൻ, കുന്തിയുടെ ഭർത്താവ് പാണ്ഡു, ഹസ്തിനപുരി രാജാവായിരുന്ന എന്നും, മുനിശാപം സൃഷ്ടിച്ച മതിഭ്രമത്തിൽ, ചെങ്കോൽ ജ്യേഷ്ഠനുനേരെ വലിച്ചെറിഞ്ഞു, പരിത്യാഗിയായി കാട്ടിൽ പോയതാണെന്നും കേട്ടിട്ടുണ്ട്. അഞ്ചു കുട്ടികളെയും കൂട്ടി പാണ്ഡുവിധവ ഒരന്തിക്കൂരക്കായി കോട്ടവാതിലിൽ മുട്ടുമ്പോൾ, ‘കടക്കു പുറത്ത്’ എന്നു പറയുന്നതാണോ കുരുവംശ സംസ്കാരം?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“അനധികൃതമായി ഹസ്തിന പുരിയിൽ കഴിയുന്നതു കൊണ്ടല്ല കുന്തികുടുംബത്തെ പാറാവുകാർ വിരട്ടിയതു. തിരിച്ചറിയൽ രേഖയോ സാക്ഷിമൊഴിയോ മറ്റു ഔദ്യോഗിക പിൻബലമോ ഇല്ലാതെ, കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രരോട്, “ഞാൻ കുന്തി, ഇവർ അഞ്ചുപേർ പാണ്ഡവർ” എന്ന് ബഹളം വച്ചാൽ, വകവച്ചു കൊടുക്കുമോ കൗരവർ? പരപുരുഷാതിക്രമത്തിനു ഇരയായി കുന്തി മൂന്നും, മാദ്രി രണ്ടും, പ്രസവിച്ച കുട്ടികളെ പാണ്ഡു ഔദ്യോഗികമായി അംഗീകരിച്ചു എന്ന് കുന്തി പറഞ്ഞാൽ കുരുവംശീയ പിന്തുടർച്ചയുടെ കുരുക്കഴിയുമോ? ‘പാണ്ഡുവിധവ’ എന്ന തർക്കപദവിക്ക് ഏകപരിഹാരം ഹസ്തിനപുരി നീതിപീഠത്തിന് മുമ്പിൽ തെളിവുനിരത്തലാണ്. ധൃതരാഷ്ട്രരും ഗാന്ധാരിയും രണ്ടു ദശാബ്ദം മുമ്പ് കുന്തിയെ വ്യക്തിപരമായി അറിഞ്ഞിരുന്നു എന്ന പരിചയംമാത്രം മതിയോ, പിന്തുടർച്ച പതിച്ചു നൽകാൻ? അഭയാർത്ഥികൾ എന്നല്ല, ‘അഭിജാത’ പിതൃത്വമില്ലാത്തവരോടും കൗരവർ കരുണ കാണിക്കുമെന്നതിനു സാക്ഷ്യമല്ലേ, കേവലം സൂതപുത്രനായ കർണനു ദാനം ചെയ്ത അംഗരാജ പദവി? കുലത്തൊഴിലായി രഥമോടിക്കേണ്ടവൻ നവരത്നംപതിച്ച കിരീടം വച്ചല്ലേ എന്റെ മുമ്പിൽ നടക്കുന്നത്? രണ്ടു ഇളമുറ കൗന്തേയരെ ശിശുകേന്ദ്രത്തിൽ ഞങ്ങൾ ബലംപ്രയോഗിച്ചു മാറ്റിപ്പാർപ്പിച്ചു എന്ന കുന്തിയുടെ ആരോപണവും വസ്തുതയുടെ ബലമില്ലാത്തതല്ലേ. ഇരട്ടകളുടെ അമ്മ മാദ്രിയെ പാണ്ഡുചിതയിലേക്കു കുന്തി കുറ്റകരമായ ലക്ഷ്യത്തോടെ തള്ളിയിട്ടുകൊന്നു എന്ന ആരോപണം ഭരണകൂടം അന്വേഷിക്കേണ്ടതിന്റെ ഭാഗമായി കൊച്ചു കുട്ടികൾക്ക് സംരക്ഷണം കൊടുത്തതാണോ ഞങ്ങളുടെ അപരാധം? കൊടും കുറ്റവാളിക്കു പരവതാനി വിരിച്ചാണ് സ്വീകരണം കൊടുത്തതെന്ന് നിങ്ങൾ ചുവരെഴുത്തുകളിൽ നാളെ കരിവാരി എഴുതില്ലേ?” ഗംഗാ യമുനാ നദികളിൽ നീരോട്ടം ഉയർന്നതോടെ ഇരുവശങ്ങളിലും കഴിയുന്നവരുടെ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുവാൻ, ഊർജ്ജസ്വലരായ ഇളമുറകൗരവരുമായി ഇറങ്ങാൻ ഒരുങ്ങുകയായിരുന്ന, കൗമാരം വിട്ടിട്ടില്ലാത്ത കൗരവരാജകുമാരൻ.

“ഇന്നലെ തിരുവസ്ത്രധാരി, ഇന്നു നഗ്നപാദൻ, എന്തായിരുന്നു പൊടുന്നനെ സ്ഥാനത്യാഗത്തിന് കാരണം? അച്ഛൻ പാണ്ഡുവിനെ പോലെ, പുറത്തു പറയാൻ പറ്റാത്ത ഒരു മുനിശാപം?”, കൊട്ടാരം ലേഖിക മുൻ ഹസ്തിനപുരി രാജാവ് യുധിഷ്ഠിരനോട് ചോദിച്ചു. ആറംഗ പാണ്ഡവ കുടുംബം വാനപ്രസ്ഥത്തിന് പടി ഇറങ്ങിയ നേരം. യാത്ര അയക്കാൻ പുതിയ രാജാവ് എത്തിയില്ല.

“വെട്ടിപ്പിടിച്ചു ഞാൻ കീഴടക്കിയ രാജ്യങ്ങൾ അനർഹ പിൻഗാമിക്ക് ഒരുനാൾ വിട്ടു കൊടുത്തില്ലെങ്കിൽ കൊട്ടാരവിപ്ലവം ഉണ്ടാവും എന്ന് പാഞ്ചാലി താക്കീത് നൽകിയപ്പോൾ ആയിരുന്നു ഞാൻ അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിന് ചെങ്കോൽ കൈമാറിയത്. പക്ഷേ, പുതിയ രാജാവിനെ മൂലക്കിരുത്തി സ്വയം ഏകാധിപത്യഭരണം ഏറ്റെടുക്കാൻ കരുനീക്കിയതു പാഞ്ചാലി തന്നെ എന്നറിഞ്ഞപ്പോൾ ഹൃദയം തകർന്ന ഞാൻ ചെങ്കോൽ കൈവിടും മുമ്പ് ആജ്ഞാപിച്ചു, എങ്കിൽ നാം പദയാത്ര തുടങ്ങുക പാണ്ഡവരുടെ അവസാന വാനപ്രസ്ഥം!”

“കൊള്ളിവാക്കു പറഞ്ഞു ഭർത്താക്കന്മാരെ വേദനിപ്പിക്കുക, സുഗന്ധതൈലങ്ങൾ സമ്മാനിക്കുന്ന പരപുരുഷന്മാരെ പ്രശംസിക്കുക—ദാമ്പത്യത്തിലെ ഈ ദുഷ്പ്രവണതജനിതകവൈകല്യമാണോ?, അതോ, വളക്കൂറുള്ള പാഞ്ചാലയോ?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

“യാഗാഗ്നിയിൽ നിന്നുയർന്ന എനിക്കെങ്ങനെ പാഞ്ചാലജനിതകം അവകാശപ്പെടാനാവും? കണ്ണുതുറന്നു ചുറ്റും നടന്ന പുറംലോകം പരിചയപ്പെട്ടുമുമ്പ് സ്വയംവരം കഴിഞ്ഞ എനിക്കെങ്ങനെ പാഞ്ചാലയിൽ നിന്നും പ്രായോഗിക ദാമ്പത്യപാഠം സ്വീകരിക്കാനാവും? വേണം സ്വകാര്യത എന്ന് കൊതിക്കുന്ന നേരത്തു, അതിക്രമിച്ചു ‘നിയമവിധേയ’ വസ്ത്രാക്ഷേപം ചെയ്യുന്ന പഞ്ചപാണ്ഡവരെ ചെറുക്കാൻ ഈ പെണ്ണടലിനാവേണ്ടതല്ലേ? എന്റെ വാക്കിൽ മുള്ളുണ്ടെന്നവർ വിലപിക്കുക സ്വാഭാവികം. എന്നോടു കരുണ കാണിക്കുന്ന കൗരവരെ പാണ്ഡവർ ഇകഴ്ത്തുന്നു. ഭർത്താക്കന്മാരോടു മുള്ളുവാക്കു പറഞ്ഞില്ലെങ്കിൽ ആരാധക കൗരവർ എന്ന പദത്തിനെന്തർത്ഥം? എന്റെ നിശാജീവിതം ആർത്തിക്കാരായ അഞ്ചു ലൈംഗികഉപഭോക്താക്കൾ ഒരേസമയം കയ്യടക്കിയിട്ടു കാലമെത്രയായി. കിടപ്പറക്കു വെളിയിൽ ഒഴിവുകാത്തു കാത്തുറങ്ങിപ്പോയെന്നു പാണ്ഡവർ വിലപിക്കാറുണ്ട്. ഊഴം വച്ചു് അച്ചടക്കത്തോടെ കിടപ്പറക്കു മുമ്പിൽ കാത്തിരിക്കും എന്ന് പറയുന്ന പാണ്ഡവർ, പക്ഷേ, ഇതുവരെ പറയാത്ത കാര്യം ഇതാ: മുള്ളുവാക്കു പറയുന്ന ഞാൻ തന്നെ വേണം ഈ ബഹുഭർതൃത്വ വൈവിധ്യത്തിലും, ഉത്തരവാദിത്വത്തോടെ ഓരോരുത്തരെയും ക്ഷണിച്ചു അകത്തു കൊണ്ടു വന്നു മടിയിൽ കിടത്തി പരിചരിച്ചുംലാളിച്ചും ഊർജ്ജസ്വലരാക്കാൻ.”

◇ 2025/06/22 ◇

“കുരുക്ഷേത്ര വിജയം ആദ്യ വാർഷികം ആഘോഷിക്കുമ്പോൾ, മതിമറന്നുവോ പാണ്ഡവർ? ഇന്ദ്രപ്രസ്ഥത്തു പോയി ‘എന്തുണ്ടവിടെ വിശേഷം?’ എന്നു തിരക്കിയില്ലേ?”, അരങ്ങേറ്റ മൈതാനത്തിലെ ആഘോഷവേദിയിൽ നിന്നിറങ്ങി രഥത്തിൽ കയറുകയായിരുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കാലികപ്രസക്തി മാത്രമുള്ള താൽക്കാലിക മയൻനിർമിതി മാത്രമായിരുന്നില്ലേ, വിരുന്നുവന്നവരെ വഴുക്കിവീഴ്ത്തുന്ന ചതിയൻ മന്ദിരസമുച്ചയം? കഴിഞ്ഞ പത്തുപതിനാലു വർഷങ്ങൾക്കുള്ളിൽ, ഇന്ദ്രപ്രസ്ഥത്തിൽ പ്രകൃതിയുടെ സ്വാഭാവിക പരിഗണനയിൽ വളർന്ന കുറ്റിക്കാടുകളുണ്ട് എന്ന് നകുലൻ വായിച്ചിരുന്നു. അത് വെട്ടി നിരപ്പാക്കാനും, ജൈവ വൈവിധ്യങ്ങൾ നശിപ്പിക്കാനും ആരെയും സമ്മതിക്കില്ല. കടിയേറ്റത്തിനു മുമ്പ് ഖാണ്ഡവ ആവാസ വ്യവസ്ഥ എങ്ങനെ ആയിരുന്നുവോ അത് പുനഃസൃഷ്ടിക്കും. അതിനു ഞങ്ങൾ ഇന്ദ്രപ്രസ്ഥത്തിൽ പോവേണ്ട കാര്യമില്ല. പ്രകൃതിക്കു വിട്ടു കൊടുത്താൽ മതി. അതുയും പാരിസ്ഥിതിക പ്രതിബദ്ധത ഹസ്തിനപുരി സമൂഹം എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട് എന്നും നിങ്ങൾക്കറിയാം.”

“സുരക്ഷിതവനം എന്ന വിശിഷ്ടപദവി കൊടുത്ത ഖാണ്ഡവപ്രസ്ഥം, ധൃതരാഷ്ട്രർ ജന്മഅവകാശ, കുടുംബ ഓഹരിയായി നിങ്ങൾക്കെഴുതി തരുമ്പോൾ, ദുര്യോധനൻ സ്ഥലത്തില്ല. വിവരം അറിഞ്ഞപ്പോൾ കേട്ട, നിങ്ങൾ ആ അതിലോല ആവാസവ്യവസ്ഥ തീയിട്ട്! ചോരതിളച്ച ഭീഷണി മുഴക്കുന്നല്ലോ കൗരവർ?”, കൊട്ടാരം ലേഖിക ചോദിച്ചു. കടിയേറ്റത്തിനു വന്ന ആറംഗ പാണ്ഡവസംഘം മരക്കുടിലുകൾ നിർമ്മിക്കുന്ന ആദ്യദിനങ്ങൾ.

“കുടുംബഓഹരി തരാമോ എന്ന പാണ്ഡവ ആവശ്യം, മഹാരാജാവ് ധൃതരാഷ്ട്രർ തീരുമാനിക്കുമോ, കിരീടാവകാശി പോലുമല്ലാത്ത ദുര്യോധനൻ തീരുമാനിക്കുമോ? എങ്കിൽ, സഭകൂടി ‘രാജ്യദ്രോഹിയെ’ നാടുകടത്തുമോ? ഇതൊരു മുൻകൂർ തയ്യാറാക്കിയ ‘കുരുവംശ പ്രഹസന’മോ? തിരക്കുണ്ട് സഹോദരി, അന്തിക്കുരയാണ് പണിയുന്നത്. ദുര്യോധനനെ ‘ക്ഷണിച്ചുവരുത്തി’ ‘സൽക്കരിക്കാൻ’ ഞങ്ങൾ വഴികണ്ടോളാം.”

◇ 2025/06/23 ◇

“ജയദ്രഥനുമായി എന്റെ ആദ്യസമാഗമം പീഡാനുഭവം എന്നൊക്കെ പാണ്ഡവർ പക്ഷപാതത്തോടെ നിങ്ങളോട് പറയും. ഉപചാരപൂർവ്വം, ആയിരുന്ന എന്നോട് പക്ഷേ, ജയദ്രഥന്റെ പെരുമാറ്റം, ലജ്ജയിൽ മുങ്ങിയ ബലാൽക്കാര ശ്രമത്തിൽ കാണാം, ആ പ്രശസ്ത സൈന്ധവ കുലീനത. ഞാനത് കർത്തവ്യബോധത്തോടെ ചെറുത്തു തോൽപ്പിച്ചു എന്ന വസ്തുത ഒന്നും തെളിയിക്കുന്നില്ല, വേണമെങ്കിൽ ഒരു പണത്തൂക്കം ‘ആനന്ദമാർഗ’ത്തിലൂടെ ബന്ദിയാക്കി, കുടുക്കിട്ട മരയഴിക്കുടിൽ ഇരുത്തി, ഭാര്യാസഹോദരരായ കൌരവരുമായി വിലപേശി പന്ത്രണ്ടു കൊല്ല വനവാസത്തിൽ ഇളവു നേടാമായിരുന്നു. ഞാൻ ചെയ്തില്ല. പാണ്ഡവർ അങ്ങനെ സുഖിക്കേണ്ട എന്ന് തോന്നി. ഭാര്യയെ പണയം വച്ച, ആ കൊള്ളരുതാത്ത യുധിഷ്ഠിരൻ കൊടുംകാട്ടിൽ കഴിയട്ടെ വ്യാഴവട്ടക്കാലം.”

“പുതിയ യുധിഷ്ഠിര ഭരണക്രമത്തിന് ഒരു പ്രഖ്യാപിത ഔദ്യോഗിക നയം ഉണ്ടോ?”, കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനോട് ചോദിച്ചു. “എന്തു ന്യൂനതകൾ വേറെ ഉണ്ടായാലും, കൌരവ കാല ഇരുണ്ടഅറകൾ ഉണ്ടാവില്ല. നീതിപീഠത്തെ നോക്കുകുത്തിയാക്കി ദുര്യോധനൻ, വിചാരണയും ശ്രദ്ധാലോചനയും ചെയ്തിരുന്ന ഭ്രഗർഭഅറകളിൽ ഇനി ഞങ്ങൾ സൂക്ഷിക്കുക കൌരവവിധവകളിൽ നിന്നും പിടിച്ചെടുക്കുന്ന നവരത്ന ശേഖരങ്ങൾ!”

“കീഴാള പശ്ചാത്തലത്തിൽ നിന്നും, തോണി തുഴഞ്ഞും മീൻപിടിച്ചും സ്വാശ്രയശീലയെന്ന വിവാഹപൂർവ ജീവിതമുണ്ടായിരുന്ന രാജമാതാ സത്യവതിയെ പോലുള്ള സ്ത്രീ സാന്നിധ്യം പെൺ കരുത്തായിരുന്ന കൊട്ടാരത്തിൽ നിങ്ങൾ, അർദ്ധ സഹോദരരുടെ ഭാര്യ എന്ന പരിഗണന കൊടുക്കാതെ, ഇന്ദ്രപ്രസ്ഥം മഹാറാണി പാഞ്ചാലിയെ, അന്തഃപുരത്തിൽ നിന്ന് തോളിലിട്ട് തട്ടിക്കൊണ്ടുപോയി, ചൂതാട്ടസഭയിൽ വേശ്യ എന്നവഹേളിക്കുകയും, അടിവസ്ത്രം വലിച്ച വിവസ്ത്രയാക്കുന്നതു മൊക്കെ കണ്ടും കേട്ടും പൌരസമൂഹം ഭയന്ന വിറക്കുന്നുണ്ടല്ലോ. ലോക മനഃസാക്ഷിയുടെ മുമ്പിൽ പരിഷ്കൃത ഹസ്തിനപുരിയെ പ്രതിക്കൂട്ടിലാക്കിയ ആഭാസത്തരം എങ്ങനെ പ്രതിരോധിക്കുന്നു?” കൊട്ടാരം ലേഖിക ചോദിച്ചു. പൌരാവകാശം നഷ്ടപ്പെട്ട ആറംഗ പാണ്ഡവസംഘം വടക്കൻ മലനിരകളിലേക്ക് പദയാത്ര ചെയ്യുന്നത് മാളികപ്പുറത്തുനിന്ന നോക്കി രസിക്കുകയായിരുന്ന ഇളമുറ.

“രസകരമായി കളി മുന്നോട്ടു നീങ്ങുമ്പോൾ, ഒഴുക്ക് തടസ്സപ്പെടുത്തുവാൻ ഒരുമ്പെട്ടവൾ മനഃപൂർവ്വം ശ്രമിച്ച എന്റെ ഓർമ്മയിൽ വ്യക്തതയുണ്ട്. ഒന്നൊന്നായി കളി തുടക്കം മുതൽ ബന്ധപ്പെടുത്തി ആലോചിക്കുമ്പോൾ, കള്ളച്ചൂതിൽ കൌന്തേയരുടെ കാലിടറുന്നതിൽ കൌതുകവുമുണ്ട്. എങ്ങനെ യുധിഷ്ഠിരൻ ആവർത്തിച്ച് തോൽക്കുന്നു എന്ന ഓർമ്മയ്ക്ക് വ്യക്തതയൊട്ടില്ല താനും. ചൂതാട്ടത്തിൽ ദുര്യോധനൻ വച്ചടി വച്ച് മുന്നേറുമ്പോൾ ഞങ്ങൾ ഇളമുറക്കാർ, ആഘോഷാവസരത്തിൽ പതിവുള്ളപോലെ ലഹരിയിലായിരുന്നു. അതാണോ കാരണം?”, കണ്ണ് തിരുമ്മി കൌരവർ സ്ഥലകാല വിഭ്രമത്തിൽ പകച്ചു ചുറ്റും നോക്കി, യാത്ര പറയാതെ പിൻവലിഞ്ഞു. അമ്മയുടെ സഹോദരൻ, അർത്ഥഗർഭമായ ആജ്ഞാസൂചന, ചുണ്ടുകളിൽ വിരൽസ്പർശനത്തോടെ നിശ്ശബ്ദം വിനിമയം ചെയ്യുന്നത് കൊട്ടാരം ലേഖിക ശ്രദ്ധിച്ചു.

“കടിച്ചു മുറിച്ചു ചോര ഊറ്റിക്കുടിച്ച നിങ്ങളെന്താ, പിടച്ചിൽ തീരാത്ത കുഞ്ഞാടിനെ കഴുകൻ വലിച്ചെറിഞ്ഞത്? തൊലി വലിച്ചു നീക്കി ഉടൽ പൊളിച്ചു എണ്ണയിൽ പൊരിച്ചു കൂട്ടംകൂടി മറ്റു പാണ്ഡവർക്കൊപ്പം വിജയം ആർമാദിച്ചു കൂടെ?”, ദുര്യോധനവധത്തിനു ശേഷം ജേതാക്കളെ അഭിനന്ദിക്കാൻ വന്ന കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“ഘാതകർ എന്നു നിങ്ങൾ പാണ്ഡവരെ എക്കാലവും വിശേഷിപ്പിച്ചതും പോരാതെയാണോ, മൃഗമാംസഭോജി എന്നവമതിക്കാൻ കൊതിക്കുന്നത്?”

◇ 2025/06/24 ◇

“എന്താണിത്ര കടിഞ്ഞാൺ ഇല്ലാത്ത ക്ഷോഭത്തോടെ?” കൊട്ടാരം ലേഖിക ദുശ്ശാസനനോട് ചോദിച്ചു. പാണ്ഡവരും പാഞ്ചാലിയും വനവാസത്തിന് പടിയിറങ്ങുന്ന നേരം.

“ശ്രദ്ധാലോചനയെ കൗന്തേയർ ഒരു വംശീയചിഹ്നം ആക്കിയത് ഇന്നും ഇന്നലെയും അല്ല. പാണ്ഡുബീജം അവഹേളിച്ചു കൊണ്ടവൾ, കുന്തി, പരപുരുഷബീജം നേടാൻ പൂച്ചൂടി തെരുവിൽ ഇറങ്ങി. ഭർത്താവിന്റെ മരണം പോലെ ദുരൂഹമായിരുന്ന മദ്രിയുടെ സതിയും. അഞ്ചു മക്കളുടെ പിതൃത്വം അവൾ ദേവതകളിൽ കെട്ടിവച്ച് വ്യാജ പെരുമ നേടി. പാരിസ്ഥിതികപ്രശ്നം പാടേ അവഗണിച്ച് ഖാണ്ഡവ വനം മക്കൾ കത്തിച്ചപ്പോൾ അവൾ അപലപിച്ചില്ല. വഴക്കി വീഴുന്ന സഭാതലത്തിൽ ദുര്യോധനൻ നില തെറ്റിയപ്പോൾ പൊളിച്ചുനീക്കു ചതിയൻ നിർമ്മിതി എന്നും അവൾ പറഞ്ഞില്ല. ഇന്നലെ പാഞ്ചാലിയുടെ ഉടലിൽ എന്റെ കൈവിരലുകൾ ചലിച്ചു എന്ന ദുരാരോപണം ഉയർത്തി വസ്ത്രാക്ഷേപം എന്ന സ്വഭാവഹത്യ ഉയർത്തിയ പാണ്ഡവരെ അവൾ വിലക്കിയില്ല...”

“തിരക്കുണ്ട്, നഗ്നപാദ പാണ്ഡവരുടെ വനവാസ യാത്രാവിവരണം വായിക്കാൻ വായനക്കാർ കാത്തിരിക്കുന്നു. സമയം കിട്ടുമ്പോൾ വീണ്ടും കാണാം, നിങ്ങൾ തടവിൽ ആണെങ്കിലും.”

“നിങ്ങളുടെ ഒരു സാമന്തരാജ്യമായ ഹസ്തിനപുരിയിലേക്കു, പെരുമാറ്റച്ചട്ടം തെറ്റിച്ചു ചൂതാട്ടത്തിനു ഓടിക്കിതച്ചു ഇന്ദ്രപ്രസ്ഥം ചക്രവർത്തി വരുമ്പോൾ, രാജമുദ്ര കൊണ്ടു വന്നില്ലേ? കള്ളച്ചൂത് കളിച്ച കൗരവരുടെ പൗരാവകാശങ്ങൾ ഇനിയൊരറിയിപ്പുണ്ടാവും വരെ നിഷേധിച്ചിരിക്കുന്നു എന്നൊരു രാജകൽപ്പന, പുറപ്പെടുവിച്ചിരുന്നെങ്കിൽ അതിജീവിക്കാമായിരുന്നില്ലേനാണം കെട്ട വനവാസവും അടിമത്തവും?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. പദയാത്രക്കിടെ നഗരാതിർത്തിയിൽ പാണ്ഡവസംഘത്തെ ദേഹപരിശോധന ചെയ്യുകയായിരുന്ന കൗരവ സൈനികർ.

“വേണ്ടതൊന്നും ചൂതാട്ടഭ്രമത്തിൽ തോന്നിയില്ല. ആരും ഭ്രമിക്കുന്ന വിപണിമൂല്യമുള്ള രത്നമാലകൾ യുധിഷ്ഠിരൻ മടിനിറയെ കൊണ്ടുവന്നു. ഞങ്ങളെ അലട്ടുന്നത് കൗരവരടിമത്തമല്ല കുന്തിയുടെ ‘നിഷ്പക്ഷത’യാണ്. ഐശ്വര്യത്തിൽ കഴിഞ്ഞ അഞ്ചു മക്കൾ ഒരൊറ്റ സന്ധ്യയിൽ ഒന്നുമല്ലാതാവുന്നതൊക്കെ കണ്ടിട്ടും, സാന്ത്വന സ്പർശമക്ഷരം മിണ്ടാതിരിക്കാൻ കുന്തിക്ക് കഴിഞ്ഞപ്പോൾ, ഞാൻ ഓർത്തു, നിഷ്പക്ഷത കുന്തിക്കു മനഃശക്തിയല്ല മുഖംമൂടിയാണ്!”

“പരേതർക്കു നിലവിൽ അവകാശികൾ ആരുമില്ലല്ലോ?”, മഹാപുരോഹിതന്റെ അത്യുക്തിനിറഞ്ഞ ശരീരഭാഷയിൽ കൃപാചാര്യർ വിളിച്ച ചോദിച്ചു, “പുണ്യനദിയിൽ പരേത പാണ്ഡവർക്ക് ശ്രാദ്ധം ചെയ്യാൻ രക്തബന്ധമുള്ള ആരെങ്കിലും ഈ സദസ്സിലുണ്ടോ?” കൗരവരുടെ കൂടെ നിന്ന കർണ്ണനിൽ കൃപാചാര്യന്റെ നോട്ടം ഉടക്കി. ഇരുകൈകളും പിന്നിൽ ഒളിപ്പിച്ചും, നിൽപ്പ് ഒരു കാലിൽ നിന്ന് മറ്റൊന്നിലേക്കു മാറ്റിയും കർണ്ണൻ അസ്വസ്ഥത പ്രകടിപ്പിച്ചു.

“ആറു ജഡങ്ങൾ അരക്കില്ലത്തിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടത് അസ്വാഭാവിക മരണങ്ങൾക്കുള്ള നടപടിക്രമമനുസരിച്ചു വൈദ്യപരിശോധനക്ക് വിധേയമായി. ആകസ്മിക അഗ്നിബാധയിൽ കുന്തി ഉൾപ്പെടെ ആറംഗ പാണ്ഡവ സംഘം മരിച്ചതിന്റെ തെളിവു ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ട സ്ഥിതിക്ക് രാജകീയ ആചാരമനുസരിച്ചു വീണ്ടും ചിതകൂട്ടി ജഡങ്ങൾ ഒന്നൊന്നായി സംസ്കരിച്ചു. ഇനി പാണ്ഡവർ എന്ന വാക്കു വർത്തമാനകാല സാധുത ഇല്ലാത്തതാണ് എന്ന് മഹാരാജാവ് ധൃതരാഷ്ട്രരുടെ രാജമുദ്രയുള്ള പ്രഖ്യാപനത്തിൽ പറയുന്നു. ഇനിയതിനു ഭൂതകാല പരാമർശം മാത്രം” കൃപാചാര്യൻ അത് പറയുമ്പോൾ ഭീഷ്മരും ദുര്യോധനനും “തന്നെ തന്നെ” എന്ന് അനുകൂലമായി പ്രതികരിച്ചു. കർണ്ണൻ മുഖംപൊത്തി പെട്ടെന്ന് ഇറങ്ങിപ്പോവുന്നതു കൃപാചാര്യൻ ശ്രദ്ധിച്ചു.

“പത്തുകൊല്ലം വനവാസത്തിൽ കഷ്ടപ്പെടുത്തിയ കൗരവർക്കെതിരെ ഒളിപ്പോരൊന്നും ചെയ്ത ഒരു വ്യാജ വാർത്ത പോലും ഇതുവരെ കേട്ടില്ലല്ലോ? വസ്ത്രാക്ഷേപത്തിന്റെ വാർഷികദിനം രഹസ്യമായി ആചരിക്കുമ്പോൾ, ചാർവാകൻ ദുഃഖംപങ്കുവച്ചു, ഒരു ധീരപോരാളിയെങ്കിലും മന്തൻപാണ്ഡവർക്കിടയിൽ ഉണ്ടെന്ന മുൻവിധി നാം ഇനിയെങ്കിലും മാറ്റണം, പ്രതികരണശേഷിയും പ്രതികാരബോധവും എന്നോ അവരിൽ നിന്നും ഒലിച്ചുപോയെന്ന വ്യക്തം!”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. അജ്ഞാതവാസം കഴിഞ്ഞു വിരാടരാജ്യത്തിലെ സൈനിക പാളയത്തിൽ പാണ്ഡവർ ഭാവിപദ്ധതി തയ്യാറാക്കുന്ന കാലം.

“ഒളിയുദ്ധം ചെയ്താൽ നഷ്ടപ്പെടുക നാട്ടുകാരുടെ സന്മനസ്സായിരിക്കുമെന്നു ‘ധർമ്മപുത്ര’നെന്ന ഖ്യാതിക്കായി പരിശ്രമിക്കുന്ന യുധിഷ്ഠിരൻ മുന്നറിയിപ്പുതന്നു, കൗരവകടുവകളെ മടയിൽ കയറി വേട്ടയാടാൻ രണ്ടു മാദ്രിമക്കൾ മതി എന്ന ബോധ്യത്തിൽ മിന്നലാക്രമണം ചെയ്ത ഗാന്ധാരിയെ ബന്ദിയാക്കാമെന്നു ഞാൻ കൂടുംബയോഗത്തിൽ കൗന്തേയരെ സമാശ്വസിപ്പിച്ചു. ഖാണ്ഡവത്തിലേക്കു കൂടിയേറ്റുന്ന കാലത്തു ദുര്യോധനൻ എടുത്ത മുൻകരുതൽ അപ്പോൾ അർജ്ജുനൻ ഓർമ്മിപ്പിച്ചു.പാണ്ഡവരുടെ നല്ല നടപ്പിന് കുന്തിയെ കൗരവ ബന്ദിയാക്കി ദുര്യോധനൻ. കൗരവർക്കെതിരെ ഞങ്ങൾ തിരിഞ്ഞാൽ, കുന്തിയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് കൗരവർക്കറിയാം. അതുകേട്ടതോടെ ഞങ്ങൾ പത്തി താഴ്ത്തി!”

◇ 2025/06/25 ◇

“വനവാസം കഴിഞ്ഞു, യുദ്ധവും. പുതിയ അരമനജീവിതം എങ്ങനെ കാണുന്നു?”, കൊട്ടാരം ലേഖിക പാണ്ഡവ രാജാവിനോട് ചോദിച്ചു. ഹസ്തിനപുരി.

“എന്നെ നയിക്കുന്നത് ഭരണമോഹമല്ല. തെളിഞ്ഞ ആത്മീയത. പോർക്കളത്തിൽ ആയുസ്സ് വെല്ലുവിളി നേരിടുമ്പോഴും എന്റെ വിഖ്യാത ആദർശ വിഭ്രമി ഒട്ടും പിന്നിൽ ആയില്ല എന്നു നിങ്ങളും തിരിച്ചറിഞ്ഞതല്ലേ!”

“വാരണാവതം അരക്കില്ലത്തിൽ നിന്നും വിരണ്ടോടി ഏകചക്രയിലെത്തി തലമുണ്ഡനം ചെയ്തു പുണ്യാലിട്ട ഭിക്ഷ യാചിച്ചും ഇച്ചിലുണ്ടും ഏച്ചുകെട്ടിയിൽ ഒളിഞ്ഞു കഴിയുമ്പോളാണ്, പെറ്റതള്ളയോടു പറയാതെ മത്സരത്തിൽ പങ്കെടുക്കാൻ പാഞ്ചാലയിൽ! ദുര്യോധനനും കർണ്ണനും ഒറ്റനോട്ടത്തിൽ അവരെ അറിഞ്ഞു. ദരിദ്രബ്രാഹ്മണ വേഷത്തിൽ പാഞ്ചാലിയെ പരിണയം ചെയ്ത നിങ്ങൾക്കെത്ര നാൾ കഴിയേണ്ടിവന്ന സുന്ദരിയെ നെഞ്ചോടൊന്നു ചേർക്കാൻ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“മൂന്നാമത്തെ രാത്രി, ആദ്യത്തെ രണ്ടു പാണ്ഡവർ അവളുടെ ഉടൽ എനിക്ക് എറിഞ്ഞു തരുമ്പോൾ, ‘പിച്ചിച്ചീന്ത’പ്പെട്ടിരുന്നു. അത്രയും അവളെ അവശയാക്കിയ സഹോദരന്മാരെ കശാപ്പു ചെയ്യാൻ കൈത്രസിച്ചു. പക്ഷേ, നിസ്സഹായനായി. ഇരുണ്ട രാത്രിയിൽ ആകെ പ്രകാശിച്ച കരിന്തിരിയിൽ അനന്തതാപത്തോടെ നോക്കി. ‘ചെന്നായ’കളാൽ ആക്രമിക്കപ്പെട്ടിരുന്ന പാഞ്ചാലി വിറച്ചുവിറച്ചു കൈകളപ്പുന്ന പോലെ. സാന്ത്വന സ്പർശത്തോടെ മടിയിൽ കിടത്തി ചുവർ ചാരിയിരുന്നു. ഉറങ്ങും മുമ്പ് പ്രതികാരം പ്രോത്സാഹിപ്പിക്കുന്ന പരുഷപദങ്ങളാണ് ഞാനുച്ചരിച്ചതു. രണ്ടു രാത്രികളിൽ ലൈംഗികാക്രമണത്തിനു ഇരയാക്കിയവരെ ഇനിയൊരവസരം കിട്ടിയാൽ എണ്ണ് മാനസിക ശിക്ഷക്കും പൂർണ്ണ പിന്തുണ എന്നിൽനിന്നുണ്ടാവും. ആ ദാമ്പത്യദൗത്യം അവൾ അഹിംസാത്മകമായി പാലിച്ചു എന്നല്ലേ അഭിമുഖങ്ങളിൽ നിന്നറിയുന്നത്?”

“സ്ത്രീത്വത്തെ മനഃപൂർവ്വം അപമാനിച്ച പരാതി പരിശോധിക്കുന്ന നീതിവിചാരണയിൽ, മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയുടെ കാലുപിടിച്ചാണ് മേൽ നടപടിയൂരിയതെന്നു ചാർവാകൻ കണ്ടെത്തിയല്ലോ. പാണ്ഡവ പൗരാവകാശങ്ങൾ മരവിപ്പിക്കാതെയും പാണ്ഡവസാമന്തൻ എന്ന നിലയിൽ, ഇന്ദ്രപ്രസ്ഥം ശിക്ഷകാലാവധി കൈവശം വച്ചും, പാണ്ഡവതാല്പര്യങ്ങളുടെ പരിപാലനം ഏറ്റെടുത്തുമാണ് ‘വിചാരണവിമുക്തി’ നേടിയതെന്ന നിരീക്ഷണത്തിൽ കാര്യമുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“തടിയൂരൽ? വിവാദ രഹസ്യ മൊഴി പാഞ്ചാലി വിദുരർ വഴി പിൻവലിച്ചല്ലോ. പരാതി ഇല്ല എന്നപ്പോൾ വായിച്ചെടുത്ത കൂടെ? ഒത്തുതീർപ്പുണ്ടാക്കിയത് വസ്ത്രാക്ഷേപ കെട്ടുകഥയുടെ പേരിലാണോ? അതോ, ചൂതാട്ടനഷ്ടങ്ങൾ നികത്താനാണോ? ഭീഷ്മരല്ലേ പരമോന്നത നീതിപതി? എന്നോട് കാരണവർക്ക് വാത്സല്യമുണ്ട് എന്നൊന്നും പറയില്ലല്ലോ. പാണ്ഡവർ ഹിമാലയകളിരിന്നു പോവുമ്പോൾ, കൗരവരുടെ വേനൽക്കാല വസതിയവർക്കു വനവാസശിക്ഷാക്കാലത്തു വിട്ടു കൊടുത്തതാണോ ഇത്ര വലിയ പ്രശ്നം? അയൽക്കാരായ സന്യസ്ഥരിൽ നിന്ന് യുധിഷ്ഠിരനു ആത്മീയപ്രശ്നങ്ങളിൽ ഉൾക്കാഴ്ച കിട്ടണം എന്നുണ്ട് എന്ന് പറഞ്ഞതിൽ, ഞങ്ങൾ സൗകര്യം ചെയ്തു. പ്രത്യുപകാരമായി മാലിന്യസംസ്കരണം ഏറ്റെടുത്ത യുധിഷ്ഠിരൻ, പാഞ്ചാലിയെ നിയോഗിച്ചു എന്നതരുടെ ആഭ്യന്തര പ്രശ്നമല്ലേ? ഇതൊക്കെ പൊതുമണ്ഡലത്തിൽ ചൂണ്ടിക്കാണിക്കാൻ മാത്രം വലിയ കാര്യമാണോ? കൗരവരും പാണ്ഡവരും ‘സഹോദര’രല്ലെ? അറിയാമോ, ഇപ്പോൾ ഞാൻ പോവുന്നത് ഇന്ദ്രപ്രസ്ഥത്തിലേക്കാണ്. ഹരിതചട്ടമനുസരിച്ചു മയൻനിർമ്മിത കൊട്ടാരത്തിൽ അടിഞ്ഞുകൂടിയ മായികമാലിന്യം ഇനിയവിടെ വിശിഷ്ഠാതിഥികളെ വഴക്കി വീഴ്ത്താൻ കണ്ടുകൂടാ!”

“വൈകാരിക പരിസരമുള്ള ഈ ‘പ്രഹസനം’ മുമ്പ് തന്നെ താങ്കൾ ഗാന്ധാരിയെ പരിശീലിപ്പിച്ചിരുന്നു എന്നാണോ ഞങ്ങൾ വായിച്ചെടുക്കേണ്ടത്?”, കൊട്ടാരം ലേഖിക പാർഥസാരഥിയോട് ചോദിച്ചു. നൂറു മക്കളുടെയും നെഞ്ചു വെട്ടിയ ജഡങ്ങളാണ് ചിതറിക്കിടക്കുന്നത് എന്നറിഞ്ഞ ഗാന്ധാരി, വീണ്ടും കൺകെട്ടി പൊട്ടിക്കരഞ്ഞു ഒച്ച വെച്ചു, ശപിച്ച സ്തോഭജനകമായ ‘വിലാപ’ത്തിൽ പാണ്ഡവർ പകച്ചുപോയ നേരം. കുരുക്ഷേത്ര.

“യുദ്ധമേഘങ്ങൾ കറുത്ത സന്ധ്യ, അരമനയിൽ പിതൃസഹോദരി കുന്തിയെ കണ്ട ഞാൻ പുറത്തു കടക്കുമ്പോൾ വിദുരർ, അറിയിച്ചു ഗാന്ധാരിക്കെന്നെ കാണണം. പോയി കണ്ടു, സംസാരിച്ചു.” അവിശ്വസനീയമെന്നിപ്പോൾ കരുതാവുന്ന പലതും നാളെ സംഭവിക്കാമെന്നും, പോരാട്ടത്തിൽ നിന്നും മക്കളെ പിന്തിരിയിപ്പിക്കാൻ കൺകെട്ടഴിച്ച നിങ്ങൾ ഉണർന്നില്ലെങ്കിൽ, വിലപിക്കേണ്ടിവരുമെന്നും മൃദുവചനങ്ങളാൽ ഞാൻ ഓർമ്മിപ്പിച്ചു. മാതൃപ്രേരണക്കു വഴങ്ങുന്നവരല്ല കൗരവർ എന്ന ആ വ്യഥിതമാതാവ് പറഞ്ഞപ്പോൾ, ‘കൗരവ വംശഹത്യ’ ഭാവിയിൽ ഉണ്ടായാൽ, എന്നെ പ്രതിസ്ഥാനത്തു നിർത്തി ശപിക്കാനായി വിലാപഗീതം രഹസ്യമായി പഠിപ്പിച്ചു തരാമെന്നു വ്യണിത മാതൃ മനസ്സിനെ ഞാൻ ആശ്വസിപ്പിച്ചു. യുദ്ധാനന്തര ശോക മുഹൂർത്തത്തിൽ, കൃത്യമായി ഓർമ്മിക്കാൻ, നാമജപത്തിനൊപ്പം എന്നും ചൊല്ലണം എന്നുപദേശിച്ചതു അവർ ചെയ്തു എന്നല്ലേ ഇപ്പോൾ നാം കാണാൻ? എന്നെ ഗാന്ധാരി ‘ശപിച്ച’പ്പോൾ, ഒന്നേ തിരിച്ചു പറയേണ്ടി വന്നുള്ളൂ.

“അമ്മാ, ഒരിക്കൽ ഞാൻ ചൊല്ലിത്തന്നതെല്ലാം, വാക്കുതെറ്റാതെയാണ് പിൽക്കാലത്ത് വിശ്വമാകെ അറിയപ്പെടാവുന്ന വിധം നിങ്ങളിപ്പോൾ ഉച്ചരിച്ചത്! അതിനു നന്ദി. ഈ ജന്മത്തിലെ വൈകാരിക കെട്ടുപാടുകളിൽ നിന്ന് വിട്ടുമാറാൻ അത് എന്നെയും വൈകാതെ തുണക്കട്ടെ!”

◇ 2025/06/26 ◇

മാരകായുധങ്ങളുടെ കൂരുക്ഷേത്രമൂല്യം പരീക്ഷിച്ചറിയാൻ പുത്തൻ പോർക്കളങ്ങൾ തേടുന്നവോ ആഗോള ആയുധ കച്ചവടക്കാർ!

“ആദ്യരാത്രി കുന്തിയുടെ പ്രേരണയിൽ പായക്കുട്ടിനെത്തിയ ‘ഒന്നാം ഊഴക്കാര’നെ എങ്ങനെ, സേവനദാതാവെന്ന നിലയിൽ നിങ്ങൾ നേരിടു?”, കൊട്ടാരം ലേഖിക ചോദിച്ചു. അടിച്ചേല്പിക്കപ്പെട്ട ബഹുഭർത്തൃത്വത്തിൽ പാഞ്ചാലപുത്രി പതിത്വം നേരിടുന്ന അശാന്ത ദിനങ്ങൾ. കൊട്ടാര അതിഥി മന്ദിരത്തിൽ നവ വിവാഹിത പാഞ്ചാലിയുടെ ഇടവേള.

“അനുജന്റെ ഭാര്യയെ തട്ടിയെടുത്ത യുധിഷ്ഠിരൻ എന്നോടൊപ്പമായപ്പോൾ ആളൊരു ന്യായീകരണവാദി! മാതൃകാഭർത്തൃത്വത്തെക്കുറിച്ചു അയാളുടെ പുത്തനാഖ്യാനം കേട്ടപ്പോൾ, ഞാൻ ചോദിച്ചു,

“ആദ്യവിവാഹമാണോ?”. അല്ലെന്നയാൾ പറഞ്ഞപ്പോൾ, ചോദിച്ചു,

“വിവാഹമോചിതനാണോ?, അതോ വിഭാര്യനോ?” വാമൊഴി നിർത്തി രണ്ടുമല്ലെന്നയാൾ ആംഗ്യം കാണിച്ചപ്പോൾ ഞാൻ പിന്തുടർന്നു,

“അവൾ നിങ്ങളെ ഉപേക്ഷിച്ചുപോയോ, അതോ നിങ്ങൾ അവളെ വഴിയിൽ തള്ളിയോ?” പൂക്കാരത്തെരുവിൽ മാല കെട്ടി അന്നന്നത്തെ ധാന്യം വാങ്ങുന്ന, അനാഥ തന്നെയാണോ ആദ്യഭാര്യ?”,

“അരമനയിൽ നിന്നും കിട്ടിയ വിഴുപ്പ്” അവസാനം ഞാൻ പുറത്തിട്ടപ്പോൾ, യുധിഷ്ഠിരൻ മുട്ടുകുത്തി. “അരുതേ, ഭവതീ! ഈ പ്രായത്തിൽ അതൊന്നും ഓർമ്മിപ്പിക്കരുതേ. നിനക്കു ഞാനൊരു വിശ്വസ്ത വിധേയൻ! മൂപ്പിളമ തർക്കം നീങ്ങി ഞാൻ രാജപദവി നേടിയാൽ, നീ ആയിരിക്കും ഏകറാണി”. “വിളക്കുതി, മൂദുവായി കൈ കൊടുത്തു രതികർമ്മനിരതനാക്കാൻ എഴുന്നേൽപ്പിച്ചതോർമ്മ. മടിക്കുത്തിൽ പിടിച്ച വിവസ്ത്രയാക്കുന്നതിനു പകരം, ആൾ പുറത്തു പോവുന്നതു കണ്ടു ഞാൻ സമാധാനത്തോടെ ഉറങ്ങി. ഉണർന്നപ്പോൾ, അതാ! നിലത്തു പായ വിരിച്ചുറങ്ങുന്നു, ആദ്യരാത്രിയിൽ തന്നെ വിധേയവിശ്വസ്തൻ ആയ ഭാവിരാജാവ്!” പത്തു പാണ്ഡവക്കണ്ണുകൾ പാഞ്ചാലിയെ തുറിച്ചു നോക്കി.

“വികസിത ഹസ്തിനപുരി ക്കായി ഭരണകൂടത്തെ അടിമുടി നവീകരിക്കുമെന്നു താങ്കൾ ആദ്യദിനം അവകാശ പ്പെട്ടല്ലോ. എന്തായി?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഭരണകൂടം എന്നുറക്കെ പറയാൻ ആയിട്ടില്ല. ഞങ്ങൾ അഞ്ചു പാണ്ഡവർ മാത്രമേ ഇപ്പോൾ ഉള്ളു. ആയിരം പൂർണചന്ദ്രന്മാരെ കണ്ടിട്ടും ആയുസ്സിന്റെ ബലം കൊണ്ടു ഇവിടെ വന്നു കൂടുതൽ രക്തച്ചൊരിച്ചിൽ ഇല്ലാതെ ചെങ്കോൽ തട്ടിയെടുക്കാൻ കഴിഞ്ഞതാണെന്റെ ആദ്യനേട്ടം”, താൻ പുറപ്പെടുവിച്ച ഉത്തരവുകൾ തള്ളിക്കളയുന്ന തിരക്കിൽ ആയിരുന്ന അനുജന്മാരെ നോക്കി യുദ്ധാനന്തര ഹസ്തിനപുരി രാജാവ് യുധിഷ്ഠിരൻ പറഞ്ഞു.

“ശുചിവിഭവങ്ങൾ വാരി വലിച്ചകത്താക്കാൻ ഈ അക്ഷയ പാത്രം ഇല്ലെങ്കിൽ?”, ഊട്ടുപുരയിൽ ചമ്രം പടിഞ്ഞിരുന്നു ഭക്ഷണം കഴിക്കുന്ന പാണ്ഡവരെ ജാലകത്തിലൂടെ നോക്കി കൊട്ടാരം ലേഖിക, കിടപ്പറയിൽ വിശ്രമിക്കുന്ന പാഞ്ചാലിയോട്ട് ചോദിച്ചു. മഴയിൽ നിറഞ്ഞൊഴുകിയ കൈത്തോടിന്റെ ശബ്ദം കേൾവിയെ തടസ്സപ്പെടുത്തി. ഇരുവരും ചെവികൂർപ്പിച്ചു.

“അഞ്ചുപേരിൽ കഴിമടിയനായ ഒരാളെ അപ്പോൾ മറ്റുനാലുപേർ വളഞ്ഞു വീഴ്ത്തി, വെട്ടി തൊലിയുരിച്ചു ചുട്ടുതിന്നും. അവസാനം അവരിൽ ഒരാൾ മാത്രമാവുമ്പോൾ എന്നെ പച്ചക്ക് തിന്നും. അക്ഷയ പാത്രം വയർ നിറക്കുക മാത്രമല്ല ചെയ്യുന്നത്, ഈ വീട്ടിൽ നരഹത്യക്ക് തടയിടുന്നു എന്ന് കൂടി പത്രപ്രവർത്തകർക്ക് മനസ്സിലായല്ലോ”, ഒരു നർത്തകിയെ പോലെ പാഞ്ചാലി കൈവിരലുകൾ വാക്കുകൾക്കൊപ്പം ആകർഷകമായി ചലിപ്പിച്ചു.

“വല്ലാത്ത ഒരു കാഴ്ച! നിങ്ങളോട്ട് മൂദുവായി സംസാരിക്കുന്ന അർജ്ജുനന്റെ പിന്നിൽനിന്നു, പാഞ്ചാലി നകുലനോടെന്തോ രഹസ്യസന്ദേശം ‘വിനിമയം’ ചെയ്യുന്നതു കണ്ടല്ലോ”, കൊട്ടാരം ലേഖിക, ഭാവി പ്രവചിക്കുന്നവൻ എന്ന ഖ്യാതിനേടിയ സഹദേവനോട്ട് മന്ത്രിച്ചു. ഇന്ദ്രപ്രസ്ഥക്കാലം.

“ജൈവിക പിതാവായ ഇന്ദ്രന്റെ അതിഥിയായി വിരുന്നിനു പോയ അർജ്ജുനൻ, മറ്റു പാണ്ഡവരോട്ട് ‘ആകാശയാത്രാനുഭവങ്ങൾ’ വർണ്ണിക്കുമ്പോൾ, പാഞ്ചാലി, ‘ആംഗ്യം കാണിച്ച’താണോ അരോചകമായത്? വിശദീകരിക്കാം അർത്ഥവും ദുരർത്ഥവും നിങ്ങൾ കണ്ടെത്തിയാൽ മതി. ഭർത്താക്കന്മാരുടെ വിവാഹബാഹ്യബന്ധങ്ങൾ ഇഷ്ടപ്പെടാത്ത പാഞ്ചാലിയോട്ട് ഇടഞ്ഞു അർജ്ജുനൻ അലഞ്ഞു തിരിഞ്ഞു, തിരിച്ചുവന്ന ‘മതിഭ്രമം’ കാണിക്കുന്നു! ഉടൻ ചികിൽസിക്കണം! എത്രവർഷം കാത്തിരിക്കണം ദുരനുഭവമായ ‘ഉർവ്വശീശാപം’ ജീവിതത്തിലൊരിക്കൽ ഉപകാരമായി മാറാനും, അതെങ്ങനെ എന്നറിയാനും!”

◇ 2025/06/27 ◇

“ബലം പ്രയോഗിച്ച ദ്വാരകയിൽ നിന്നും തട്ടിക്കൊണ്ടു വന്ന യാദവസ്ത്രീ സുഭദ്രയിൽ പിറന്ന അഭിമന്യുവിനെ, പൊന്ന പോലെ പരിപാലിച്ച അർജ്ജുനൻ പക്ഷേ, ഔദ്യോഗികഭാര്യ പാഞ്ചാലിയിൽ പിറന്ന മകനെക്കുറിച്ചൊന്നും, നേരിൽകണ്ട യുദ്ധകാലത്തു അഭിമാനത്തോടെ സംസാരിക്കുന്നതു നാം കേട്ടിട്ടില്ലല്ലോ. അതെന്താ ശിശ്രൂക്കളോടും വംശീയ വിവേചനം?”, കുരുക്ഷേത്ര കഴിഞ്ഞു തൊഴിൽരഹിതനായി മാറിയ മുൻ യുദ്ധകാര്യ ലേഖകനോട് കൊട്ടാരം ലേഖിക ചോദിച്ചു. അഭിമന്യു സ്മരണയിൽ പ്രാർത്ഥനാനിരതരായ ബന്ധുക്കൾ.

“സ്വാഭാവികമല്ലേ വിവേചനം, അങ്ങനെ ഉണ്ടെങ്കിൽ! പതിവ്രത സുഭദ്രയിൽ വിതച്ച വിത്തിന്റെ ഉടമസ്ഥത പങ്കിടാൻ വേറെ ആരുമില്ലെന്നറിയാവുന്ന പാർത്ഥൻ, ബഹുഭർതൃത്വദാമ്പത്യം പാലിക്കുന്ന പാഞ്ചാലിയിൽ പിറന്ന കുട്ടികളിൽ ആരിലാണ് അർജ്ജുനബീജം എന്നറിയാതെ എങ്ങനെ കൃത്യമായി ജനിതക പിന്തുടർച്ച നിക്ഷേപിക്കും? അത് തിരിച്ചറിയാത്ത നിങ്ങളാണോ മഹാഭാരത പുനരാഖ്യാനത്തിനു കോപ്പുകൂട്ടുന്നത്!” ഇളമുറ പത്രപ്രവർത്തക്കു കീഴിൽ ഉപദേശകപദവി വഹിക്കേണ്ടിവരുന്ന മുൻ യുദ്ധകാര്യലേഖകൻ, കൊട്ടാരം ഊട്ടുപുരയിൽ ഇരിപ്പിടത്തിനായി ചുറ്റും കണ്ണോടിച്ചു ‘സ്ഥിതപ്രജ്ഞ’നെന്ന് നാം കണ്ട ‘പിതാമഹ’ന്റെ മാനസികപ്രശ്നം വല്ലതുമുണ്ടോ? ‘ഭീഷ്മ ആത്മഭാഷണം’ നേരിൽ കണ്ടു ഞാൻ പതറി. “ഏങ്ങലടിച്ച കൈവീശി?”, കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. യുദ്ധമേഘങ്ങൾ തിങ്ങുന്ന സായാഹ്നം.

“അവിവാഹിത വൃദ്ധന്റെ നേരനുഭവം ‘അമിതഭാവാഭിനയ’മായി വായിച്ചെടുത്തുവോ! സ്നേഹ വാത്സല്യങ്ങൾ കൊതിക്കുന്ന പുത്രൻ പെറ്റതള്ളയോട് ഹൃദയം തുറന്ന മിണ്ടിപ്പറയുകയായിരുന്നു. എട്ടുവയസ്സു വരെ സ്വർഗ്ഗ രാജ്യത്തിൽ വളർത്തിയ ശേഷമല്ലേ കിരീടാവകാശി യാവാൻ ദേവവ്രതനെന്ന ബാലനെ ഗംഗാദേവി ഏൽപ്പിച്ചത്. ഞാനും കണ്ടു ‘മാതൃപുത്ര സമാഗമം’ നേരിൽ. കാര്യം ചോദിക്കാനുള്ള ലഹരിയപ്പോൾ ഉള്ളിലുണ്ടായി. അപ്പോൾ ദേവവ്രതൻ എന്ന പിൽക്കാല പിതാമഹൻ പറഞ്ഞു: “ഭൂവാസികളുടെ യുക്തിവാദത്തിന് പിടികിട്ടാത്തൊരതീത ലോകത്തിൽ നിന്നാണ് വരുന്നത് ഞാൻ! അമ്മയെ കാണാൻ പുഴകരയിൽ കാത്തുനിൽക്കും. ഭഗീരഥ കരാർ അനുസരിച്ച ഭൂമിയിൽ ഗംഗ വരും. നീരൊഴുക്കിന്റെ തിരക്കൊഴിഞ്ഞാൽ എന്നെ കാണാൻ സാവകാശം കണ്ടെത്തും. ഞാൻ അപ്പോൾ അവളുടെ ആ എട്ടുവയസ്സുകാരനാവും. ഹിമാലയമഞ്ഞുമല ഉരുകി ഗംഗാനദിയിൽ ജലപാതം വർധിപ്പിക്കുന്ന ശക്തികളെ ചെറുക്കാനാവാതെ ഗംഗ മടങ്ങുമ്പോൾ, എട്ടുവയസു കാരൻ ഹസ്തിനപുരി യിലേക്കു ഹൃദയഭാര ത്തോടെ തിരിച്ചുവരും. സമയമെടുക്കും ‘താടിയും തലയും നരച്ച ഈ പിതാമഹ വേഷപ്പകർച്ച’ പൂർത്തിയാവാൻ! ഭൂമിയിൽ ചില ദ്വിമാനജന്മങ്ങൾ നമ്മെപോലെയല്ല എന്ന് മാത്രം നിങ്ങൾ മനസ്സിലാക്കിയാൽ മതി.””

“അറവുശാലയിലേക്കു കറവ വറ്റിയ മാടുകളെ എത്തിക്കുന്നതിൽ പിടിപ്പുകേട് കാട്ടിയ മൃഗമാംസമേധാവിയെ പൊതുനിരത്തിലിട്ടു ഭീമൻ പ്രഹരിച്ച വാർത്തയാണല്ലോ കതിരപ്പന്തികളിലെ അന്തിച്ചർച്ച. രൗദ്രഭീമന്റ് മദം പൊട്ടിയോ എന്നാണ് ചാർവാകൻ മുന വച്ച് ചോദിച്ചത്. എങ്ങനെ പ്രതികരിക്കുന്ന ഈ അപഭ്രംശം?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“അപഭ്രംശം? അലംഭാവം കാണിക്കുന്നവരെയൊന്നും തരം കിട്ടിയാൽ ആഞ്ഞു തൊഴിക്കാതെ അവനങ്ങനെ വിടില്ലല്ലോ. തുറന്ന പറയട്ടെ യുദ്ധം കഴിഞ്ഞതോടെ, ഭീമഗദ അലങ്കാരമായി എന്നതാണനുഭവം. അവൻ അതറിഞ്ഞ മട്ടില്ല. ഉദ്യോഗസ്ഥൻ നട്ടെല്ലൊടിഞ്ഞു അടിയന്തര ചികിത്സതേടി എന്നോ മറ്റോ പന്തിയിലെ പടക്കുതിരകൾ പറയുന്നത് കേട്ടോ? അതോ, മൂട്ടംതട്ടി എഴുനേറ്റ ഭീമന് പ്രണാമം അർപ്പിച്ച വകുപ്പ മേധാവി വഴിനടന്നപോയോ? അതാണ് പറഞ്ഞത്, ഭരണാധികാരിയും ജീവനക്കാരനും തമ്മിലുള്ള രാഗദ്വേഷങ്ങളുടെ കാലികത ചന്ദ്രനും സൂര്യനും നിലനിൽക്കുന്ന കാലത്തൊക്കെ കാണും. മഴതുടങ്ങിയ സ്ഥിതിക്ക് മരച്ചെടികൾ വളർത്തുന്ന പുതിയ കർമ്മപരിപാടിക്ക് നേതൃത്വം കൊടുക്കു. എത്ര നാൾ പാണ്ഡവ ഭരണകൂടത്തിന്നെതിരെ പരദൂഷണവുമായി ‘ഹസ്തിനപുരി പത്രിക’ കൊണ്ടുനടക്കാനാവും?”

◇ 2025/06/28 ◇

“പാണ്ഡു പിറന്ന കുരുവംശ കഥകൾ ‘ഹസ്തിനപുരി പത്രിക’യുടെ മുമ്പിൽ നിങ്ങൾ കഴുകിയിട്ട, എന്ത് കാര്യം?”, മാദ്രീപുത്രനായ നകുലനോട് ഒന്നും രണ്ടും പറഞ്ഞു കൊട്ടാരം ലേഖികയുടെ സ്വരം കനത്തു. വിരാടയി സൈനിക പാളയം.

“കഴുകിയതല്ലേ ഉള്ളൂ! ഉണക്കി മടക്കുന്ന കാര്യത്തിലേക്കു കടക്കാം. പന്ത്രണ്ടു കൊല്ലം കാട്ടിൽ അന്യായ ശിക്ഷ സഹനത്തിൽ നേരിട്ടെങ്കിലും, പാണ്ഡവർ നിസ്സാരന്മാരല്ല എന്ന് നിങ്ങൾ ധൃതരാഷ്ട്ര അരമനയിൽ അഭിപ്രായ സ്വാധീനം ഉള്ളവരോടെല്ലാം പറയണം. ചുവരെഴുത്തു പത്രപ്രവർത്തകരെ രാജ ധർമത്തിൽ മധ്യവർത്തി ആക്കുന്ന രീതി വരും കാലത്തിൽ സാർവർത്രികമാവും, ഉത്തരാ സ്വയംവരത്തിന് സുഭദ്രയുമൊത്തു വന്ന അഭിമന്യു പറയുന്നത് കേട്ടു. കുറഞ്ഞ ചെലവിൽ വലിയ കാര്യങ്ങൾ നടത്തിക്കിട്ടാൻ നയതന്ത്ര വിദഗ്ദരെ ദ്വാരകയിൽ നിന്നും കൊണ്ടുവരുന്നതിനേക്കാൾ എളുപ്പവും ലാഭവും, മദ്യവും മദിരാക്ഷിയും കിട്ടിയാൽ എന്തു പോക്രിത്തരത്തിനും പിന്തുണ തരുന്ന നിങ്ങളെ പോലുള്ളവരാണ്!”

“പണിയെടുക്കുന്നവരുടെ കൂടെ നാളെ നിങ്ങൾ ഈ കൃഷിയിടത്തിൽ, കൌരവർ നൂറുപേരും പണിചെയ്യുന്നത് കണ്ടാൽ തിരിച്ചറിയുമോ, അവർ കുരുവംശ ഭരണകൂടത്തിലെ കാർമികർ ആണെന്ന്? സംശയമുണ്ട് അല്ലെ? അവരുടെ അച്ഛൻ ഒന്ന്, അതാണ് ആ വിരസ മുഖസാമ്യത്തിനു സമാധാനം. എന്നാൽ ഞങ്ങൾ അഞ്ചു പേരെ നോക്കു. ഓരോ മുഖവും ഓരോ വിധം. ഒരാൾ കാലന്റെ മകനാണെങ്കിൽ ഒരാൾ ഇന്ദ്രന്റെ. നകുലസഹദേവന്മാർക്ക് ഇരട്ടപിതൃത്വമുണ്ട്.”

“എന്താണ് ഇതൊക്കെ ഇങ്ങനെ എന്നോട് കഴുകി ഉണക്കിയിട്ട കാര്യം?” കൊട്ടാരം ലേഖികയുടെ സ്വരം കനത്തു.

“ഇപ്പോൾ കാട്ടിൽ ശിക്ഷ നേരിടുകയാണെങ്കിലും, പാണ്ഡവർ നിസ്സാരന്മാരല്ല എന്ന് നിങ്ങൾ അരമനയിൽ ശക്തമായി പറയണം. പത്രപ്രവർത്തകരെ രാഷ്ട്ര തന്ത്രത്തിൽ മധ്യവർത്തി ആക്കുന്ന രീതി അടുത്ത വരുംകാലം സാർവർത്രികമാവും.”

◇ 2025/06/29 ◇

“നായാട്ടിനു നാലുവഴിക്ക് പോകേണ്ട അഞ്ചുപേരും പായവിരിച്ച പകൽ സമയത്ത് ഇങ്ങനെ കിടക്കുകയാണോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“മഴക്കാലമാണ്, യുദ്ധം വേണ്ടിവരികയാണെങ്കിൽ സുഖചികിത്സക്ക് പറ്റിയ സമയമല്ലേ എന്ന് അടുത്ത ആശ്രമ ആചാര്യൻ ചോദിച്ചപ്പോൾ, രഹസ്യമായി ആശ്രമവാസിയെ വിട്ട് ദുര്യോധനന്റെ അനുമതി വാങ്ങി ഞങ്ങൾ അടിമകൾ. പാണ്ഡവർക്ക് വാതത്തിന്റെ അസുഖമുണ്ടെന്നു ഞാൻ. മൂന്നു നേരവും വേവിച്ചു കൊടുക്കുള്ള എന്ന് പറഞ്ഞു മുതിര ദുര്യോധനൻ അയച്ചതന്നു. രാവിലെ വേവിച്ചു കഴിച്ച മുതിരയുടെ ബലത്തിൽ എത്ര വേഗം ഇവർ മയങ്ങിപ്പോയി, എന്ന് നോക്കുള്ള”, അടിയൊഴുക്കു നിറഞ്ഞ ശരീരഭാഷയിൽ പാഞ്ചാലി സംസാരിച്ചു കൊണ്ടിരുന്നു.

“വാനപ്രസ്ഥത്തിലേക്ക് പടിയിറങ്ങുന്ന പാണ്ഡവരെ യാത്രയാക്കാൻ ഇന്നലെ നിങ്ങളെ കണ്ടില്ലല്ലോ”! ആരോപണസ്വരത്തിൽ കൊട്ടാരം ലേഖിക പുതിയ രാജാവിന് മുമ്പിൽ മുട്ടു കുത്തി. പാണ്ഡവരുമായി ചെങ്കോലിനായി നിരന്തരം കലഹിച്ച നാളുകൾ അവസാനിച്ച നാളുകൾ.

“സ്ഥാനാരോഹണ ശുശ്രൂഷ പൂർണമായിരുന്നില്ല. അതുകൊണ്ട്, പിറ്റേന്നും പുരോഹിതനിർദേശത്തിൽ തുടരേണ്ടി വന്നു. സ്ഥാനമൊഴിഞ്ഞ യുധിഷ്ഠിരനും കുടുംബത്തിനും വാനപ്രസ്ഥത്തിന് നിശ്ചയിച്ച ദിവസവും, സ്ഥാനാരോഹണ ശുശ്രൂഷ രണ്ടാം ഭാഗവും അങ്ങനെ ഒരേ ദിവസം ആയിപ്പോയി. അതുകൊണ്ട് നഗരാതിർത്തിവരെ പാണ്ഡവരെ അനുഗമിക്കാൻ അവസരം കിട്ടിയില്ല. അവർ എന്നും എന്നെന്നും എന്റെ ഹൃദയത്തിൽ ഓർമ്മയായി നിലനിൽക്കട്ടെ”, പരീക്ഷിത്ത് തിരക്ക് നടിച്ചു.

◇ 2025/06/30 ◇

“സുവർണ്ണാവസരം, ഊഴം അനുവദിച്ച കിട്ടിയ പാണ്ഡവൻ, പാഞ്ചാലിയുമൊത്തു പായപങ്കിടാൻ വരുമ്പോൾ, മറ്റുനാലു പാണ്ഡവർ രതിസ്വകാര്യത മാനിച്ചു മുറിയിൽ നിന്ന് പുറത്തു പോവണം എന്നതല്ലേ ബഹുഭർതൃത്വ ദാമ്പത്യത്തിന്റെ പെരുമാറ്റച്ചട്ടം? അതോ, അത്തരം പരിഷ്കൃത ധാരണ, പരുക്കൻ പാണ്ഡവർക്ക് ബാധകമല്ലേ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാല ജീവിതം.

“എന്തൊക്കെ താറുമാറാക്കിയാൽ ആൺപെൺ ശാരീരികതയുടെ പവിത്രഇടം മലിനപ്പെടുത്താമോ, അതൊക്കെ അപ്പോൾ മറ്റു നാലുപേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അപ്പോഴത്തെ നിർഭാഗ്യവാനായ പായക്കൂട്ടുകാരനും ഞാനും പാരസ്പര്യം നിഷേധിക്കപ്പെട്ടതോടെ ഉടുതുണി വലിച്ചുടുത്തു മുഖമമർത്തി കമഴ്ന്ന കിടക്കും. അസ്ത്രം കട്ടിലിനടിയിൽ ‘മറന്നുവച്ച’തെടുക്കാൻ വന്നതാണ് എന്ന വിചിത്ര വാദവുമായി പാണ്ഡവരിലൊരാൾ എന്റെ കിടപ്പറയിൽ ഇടിച്ചു കയറിയതും, അന്ന് കൂടെയുണ്ടായിരുന്ന യുധിഷ്ഠിരൻ ഇന്നും മറന്നിട്ടില്ല.”

“വായനക്കാർ കേൾക്കാൻ കൊതിക്കുന്ന സ്വകാര്യം വല്ലതുമുണ്ടോ, ഞങ്ങളുമായി പങ്കുവെക്കാൻ?”, പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

“ഇന്ന് മുതൽ നീ ദുര്യോധനന്റെ പുരുഷാധികാര പരിധിയിൽ വരുന്ന പെണ്ണടിമയല്ല, പൂർണസ്വതന്ത്ര എന്ന അതിരില്ലാത്ത നിശാഭാവന എന്നിൽ ഉന്മാദം പടർത്തും. അതോടെ പാണ്ഡവരുടെ ഈ വനവാസക്കാല കാരാഗൃഹത്തിൽ നിന്ന് ആരോരുമറിയാതെ പുറത്തു ചാടി, കാട്ടരുവിയിൽ സ്വർണമത്സ്യമായി, പീഡകരില്ലാത്ത വിദൂര ദ്വാരകയിലേക്ക് ഞാൻ ഒഴുകിപോവും!”

“എല്ലാം നഷ്ടപ്പെട്ടതിൽ നിരാശ തോന്നി, ശരി തന്നെ, അതൊക്കെ വിസ്തരിച്ചു പണ്ഡവരോട് അനിഷ്ടം പ്രകടിപ്പിക്കാൻ ഒരു വ്യാഴവട്ടക്കാലം മുമ്പിൽ അങ്ങനെ നിവർന്നു കിടക്കുകയല്ലേ, പിന്നെ എന്തിനത് ഇത്ര ധൃതിയിൽ ചെയ്തു, അതും ചൂതാട്ടസഭാതലത്തിൽ?”, കൊട്ടാരം ലേഖിക പഞ്ചാലിയോട് ചോദിച്ചു.

“പാണ്ഡവരുടെ കള്ളച്ചൂത് കളിഭ്രമം സുതാര്യമാണ് എന്ന എന്റെ മനോനില, പുറം ലോകത്തെ അറിയിക്കാൻ ഇനി വൈകരുത് എന്നു ഉള്ളിൽ കരുതിയിരുന്നു, എന്റെ ചൂതാട്ടവിരുദ്ധ നിലപാടിന്റെ സുതാര്യതയെക്കാൾ ഒട്ടും കുറവല്ല, ദുരഭിമാനികളായ മുതിർന്ന പാണ്ഡവരുടെ സ്വകാര്യതാ പരിപാലനം എന്നറിയാൻ എനിക്കൽപ്പം വൈകിയോ. അതോടെ, ഞാൻ സ്വയമറിയാതെ ഹസ്തിനപുരിയുടെ ദുഃഖപുത്രിയായപ്പോൾ, ഇതിഹാസത്തിന്റെ ഗതി തന്നെ മാറിയോ!”

“മൂന്നുനേരം ഊണ് കഴിച്ച ശിക്ഷ കാലാവധി കഴിക്കുകയാണ് പാണ്ഡവർ എന്ന പരക്കെ അംഗീകരിക്കപ്പെട്ട വസ്തുത മറച്ചുവച്ച് നിങ്ങൾ എന്തിനു, അവർ അഞ്ചുപേരും നിരന്തരം തലയിൽ തുണിയിട്ട് ഹസ്തിനപുരിയിൽ രഹസ്യവിവര ശേഖരണത്തിൽ ആണെന്ന് വ്യാജവാർത്ത വിട്ട കൌരവരെ പ്രകോപിച്ചു”, യുദ്ധകാര്യ ലേഖകൻ നീരസത്തോടെ ചോദിച്ചു.

“കണ്ടല്ലോ ഉടനടി കൌരവരുടെ പ്രതികരണം. നൂറിൽ പാതി കൗരവരും ഇപ്പോൾ ഹസ്ഥിനപുരിയുടെ അതിർത്തി രാജ്യങ്ങളിലേക്കുള്ള ദേശീയ പാതകളിൽ കാണുന്ന കുതിരപ്പന്തിയിൽ നഴഞ്ഞു കയറി ചാരപ്പണി നടത്തുകയാണ്. പാണ്ഡവരും അപ്പോൾ കൌരവർ അറിയാതെ ദിവ്യാസ്ത്രങ്ങൾ തേടി ഒളിവിൽ പോവുന്നു. തിന്ന ചോറിനു രണ്ടു ശത്രുനിരകളും ഇപ്പോൾ അദ്ധ്വാനിക്കുന്നു. രാജവാഴ്ചക്കാലത്തെ പരിമിത മാധ്യമ പ്രവർത്തനത്തിൽ ഇതിൽ കൂടുതൽ ഭരണകൂട ജാഗ്രത ഒരു പെൺ പത്രപ്രവർത്തക എങ്ങനെ ഉറപ്പുവരുത്തും. പറഞ്ഞേക്കാം, ഈ ആണ്ടുപിറപ്പു മുതൽ എനിക്ക് മുൻകാല പ്രാബല്യത്തോടെ വേതനസേവന പരിഷ്കരണം വേണം.”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014